KOLO SURYOYO

ST. MARY'S YOUTH ASSOCIATION MANARCAD

Vol. 4 Issue : 10 November 2011

Web: www.stmarysyouthmanarcad.org
www.syrianchurch.org/Kolosuryoyo.htm (internet edition)


# വടവാതൂർ മോർ അപ്രേം യാക്കോബായ സുറിയാനിപള്ളി കൂദാശ നിർവ്വഹിച്ചു



*വടവാതൂർ മോർ അപ്രേം യാക്കോബായ സുറിയാനിപള്ളിയുടെ കൂദാശമദ്ധ്യേ ശ്രേഷ്ഠ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് പ്രസംഗിക്കുന്നു. അഭിവന്ദ്യരായ തോമസ് മോർ തീമോത്തിയോസ്, മോർ പീലക്സിനോസ് മത്തിയാസ് നയിസ് എന്നീ മെത്രാപ്പോലീത്തന്മാർ സമീപം*

മലങ്കരയാക്കോബായ സുറിയാനി സഭയിലെ പുണ്യപ്പെട്ട ദേവാലയങ്ങളിൽ ഒന്നാണ് 1939 -ൽ സ്ഥാപിതമായ വടവാതൂർ മാർ അപ്രേം യാക്കോബായ സുറിയാനിപ്പള്ളി. സ്ഥാപിതകാലം മുതൽക്കേ അന്ത്യോഖ്യാ സിംഹാസനത്തോട് കൂറും വിധേയത്വവും പുലർത്തിപ്പോന്നു. ഇപ്പോൾ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായോടും ഇടവക മെത്രാപ്പോലീത്തായായ അഭി. തോമസ് മോർ തീമോത്തിയോസ് തിരുമേനിയോടും വിധേയപ്പെട്ട് നടന്നുവരുന്നു.

താപസശ്രേഷ്ഠനും പരിശുദ്ധാത്മാവിന്റെ കിന്നരവും വേദശാസ്ത്രപണ്ഡിതനുമായ മോർ അപ്രേംപിതാവിന്റെ നാമധേയത്തിലാണ് ദേവാലയം പണികഴിപ്പിക്കപ്പെട്ടിട്ടുള്ളത്. മോർ അപ്രേമിന്റെ പാവനനാമത്തിലുള്ള മലങ്കരയിലെ ഏക ദേവാലയം എന്ന ശ്രേഷ്ഠതയും ഈ ദേവാലയത്തിനുണ്ട്. കൊല്ലം, നിരണം, തുമ്പമൺ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തയായിരുന്ന അഭി. മിഖായേൽ മോർ ദിവന്ന്യാസിയോസ് തിരുമനസ്സുകൊണ്ടാണ് ദേവാലയത്തിന്റെ കൂദാശകർമ്മങ്ങൾ നടത്തി, പ്രാർത്ഥനയ്ക്കായി ഇടവക ജനങ്ങൾക്ക് നൽകിയത്.

പിന്നീട് 1986-ൽ പുനർനിർമ്മിച്ചെങ്കിലും ഇടവകയുടെ കാലാനുസൃതമായ വളർച്ചയ്ക്കൊത്ത് ദേവാലയത്തിന്റെ നവീകരണം നടത്തണമെന്ന് ഇടവകജനതയുടെ ആഗ്രഹപ്രകാരം 2009 ജൂലൈമാസം 26-ന് കൂടിയ പൊതുയോഗത്തിൽവെച്ച് പ്ലാനും 50 ലക്ഷം രൂപാ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റും തയ്യാറാക്കി. മൂന്ന് ഘട്ടങ്ങളിലായി പള്ളി പണി പൂർത്തീകരിക്കാമെന്ന മാനേജിംഗ് കമ്മിറ്റിയുടെയും നിർമ്മാണകമ്മിറ്റിയുടെയും ശുപാർശ പൊതുയോഗം അംഗീച്ചതിനെ തുടർന്ന്, പുനർനിർമ്മാണം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് വിവിധ കമ്മറ്റികൾ രൂപീകരിച്ചു. ദേവാലയത്തിന്റെ പൂർത്തീകരണത്തിനായി ഇടവക ഒന്നാകെ മാർ അപ്രേം പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് 3 ദിവസം ഉപവസിച്ച് പ്രാർത്ഥിച്ചു. 2009 നവംബർമാസം 1-ാം തീയതി കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ അഭി. തോമസ് മോർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് ദേവാലയ നിർമാണഫണ്ട് ഉദ്ഘാടനം ചെയ്യുകയും, ശില ആശീർവദിക്കുകയും ചെയ്തു.

ദേവാലയനിർമ്മാണത്തിന് മുന്നോടിയായി സണ്ടേസ്കൂൾ കെട്ടിടത്തിന്റെ മുകളിൽ ഒരു സ്പാൻ വാർക്കുന്നതിനുള്ള നിർമ്മാണോദ്ഘാടനം വെരി. റവ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പാകിഴക്കേടത്ത് (ഭദ്രാസന സെക്രട്ടറി) നിർവ്വഹിക്കുകയും 2009 ഡിസംബറിൽ പൂർത്തികരിക്കുകയും ചെയ്തു. 23/4/2010 -ൽ അന്നത്തെ വികാരി റവ:ഫാ. ഷൈജു ജോസ് ചെന്നിക്കരയുടെ പ്രാർത്ഥനയോടുകൂടി ദേവാലയത്തിന്റെ ഒന്നാം ഘട്ടമായ മദ്ബഹായുടെ പണി ആരംഭിച്ച് 2010 നവംബറിൽ പൂർത്തികരിച്ചു. തുടർന്ന് രണ്ടാം ഘട്ടം 2011 ഫെബ്രുവരി മാസം പൂർത്തീകരിച്ചു. ദേവാലയത്തിന്റെ മുഖവാരത്തിൽ സ്ഥാപിക്കുന്നതിനായുള്ള വി. സ്ലീബാ, വികാരി വെരി.റവ. ഏബ്രഹാം കോർഎപ്പിസ്കോപ്പാ

*(ശേഷം പേജ് 3-ൽ)*




ST. MARY'S SAND CENTRE

ഗവ. അംഗീകൃത പാസ്സോടെ മണൽ വിൽപ്പനയ്ക്ക്

Vadavathoor
9846226222, 9446984875
9656004875, 9387509567



മെറ്റൽ, കല്ല്, പൂഴിമണ്ണ്, ഇഷ്ടിക
മുതലായവ സൈറ്റിൽ
എത്തിച്ചുകൊടുക്കപ്പെടും

# വി. വേദപുസ്തകത്തിലെ അളവുകൾ, തൂക്കങ്ങൾ, നാണയങ്ങൾ, പഞ്ചാംഗം, ആധുനീക ലോകത്തിൽ (പുതുയുഗത്തിൽ)

പുന്നൻ കുര്യൻ ചെല്ലിമറ്റം

പഴയനിയമത്തിൽ ദൈർഘ്യ അളവുകൾ മനുഷ്യരുടെ കൈനീളം അനുസരിച്ചോ, ചുവടടി അനുസരിച്ചോ വിവരിക്കുന്നു. ശില്പികളും, അളവുകാരും ഒരുതരം അളവുകോൽ ഉപയോഗിച്ചിരുന്നു. അതിന്റെ നീളം മുഴമായി പറഞ്ഞുവന്നു. അതു ഒരു കഠാരിയുടെ നീളത്തെയാണ് കുറിക്കുന്നത്. ദൈർഘ്യ അളവുകളെ മാറ്, മുഴം, ചാൺ, കൈപ്പത്തി, വിരലകലം എന്നിങ്ങനെ വിഭാഗിച്ചിരുന്നു.

യെഹസ്കേലിന്റെ ചിത്രീകരണത്തിൽ ദേവാലയത്തിൽ ഉപയോഗിച്ചിരുന്ന മുഴക്കോലിന് ഒരു മുഴവും നാലുവിരലകലവും ഉണ്ടായിരുന്നു (ഏകദേശം 50 സെന്റിമീറ്റർ) (യെഹസ 40:5, 43:13) ഇതു ഒരു പുതിയ അളവുകോൽ ആയിരുന്നില്ലേ. ശലോമോൻ ദൈവാലയം പണിയുവാൻ ഉപയോഗിച്ചിരുന്ന അളവുകണക്കുതന്നെയായിരുന്നു ഇത്. പഴയ നിയമത്തിൽ സൂചിപ്പിച്ചിരുന്ന മുഴക്കോലിന്റെയും മറ്റും നീളം തിട്ടപ്പെടുത്തുന്നത് മറ്റളവുകളുടെ സഹായത്തോടുകൂടി വേണം. ശീലോഹാമിലെ ശിലാലിഖിതത്തിൽ ഹിസ്കിയാവ് നിർമ്മിച്ച തുരങ്കത്തിന്റെ നീളം 1200 മുഴം എന്നു കാണുന്നു. അത് ഇന്നത്തെ അളവു പ്രകാരം 533.1 മീറ്റർ (1749 അടി) നിയമത്തിലെ ദൈർഘ്യ അളവിന്റെ ഏകദേശമായുള്ള ആധുനിക അളവു താഴെകുറിക്കുന്നു.

സാധാരണ അളവ്, സെന്റിമീറ്റർ, യെഹസ്കേലിന്റെ അളവ്

മുഴം, 44. 4, 51.8

ചാൺ, 22.4, 25.9

കൈപ്പത്തി, 7.4, 7.4

വിരലകലം, 1.8, 1.8

പുതിയ നിയമത്തിൽ മുഴം (മത്താ. 6:27, ലൂക്കോ. 12:25, വെളി. 21:7) മാറ് (അപ്പോ. 27.27) എന്നീ അളവുകൾ കാണുന്നു. മുഴം ഗ്രീക്ക് അളവനുസരിച്ചു ഏകദേശം 45 സെ. മീ, മാറ്. 1.84 മീറ്ററും ആകുന്നു.

### ദൂര അളവുകൾ

പഴയ നിയമത്തിൽ ദീർഘദൂരം സാധാരണ അളന്നല്ല നിശ്ചയിക്കുന്നത്. മൂന്നു ദിവസത്തെ വഴി, ഏഴുദിവസത്തെ വഴി (ഉല്പ. 30:36, 31:23) എന്നിങ്ങനെയാണ് വിവരിക്കുന്നത്. പുതിയ നിയമത്തിൽ നാഴിക എന്നു പറഞ്ഞിരിയ്ക്കുന്നത് ഏകദേശം 202.50 മീറ്റർ ആണ് (ദൂരം).

ലൂക്കോസ് 24-13-ലെ ഏഴു നാഴിക ദൂരം 11 കിലോമീറ്ററിൽ അധികം വരും. യോഹ. 6-19-ലെ അഞ്ചുനാഴിക 5 കി. മീ. അധികവും യോഹ. 11:18-ലെ 2 നാഴിക മൂന്നു കി. മീ, വെളി. (4.20-ലെ 200 നാഴിക 320 കി. മീറ്ററും, 21.16 -ലെ 1200 നാഴിക 2400 കി. മീറ്ററും, മത്താ. 5:41-ലെ ഒരു നാഴിക 1.6 കി. മീ ആണ്. ഗ്രീക്കു ഭാഷയിലെ പല പദാർത്ഥങ്ങളാണ് ഇവിടെ എല്ലാം ഉപയോഗിച്ചിരിക്കുന്നത്. സ്റ്റാഡിയോൺ എന്ന് അലക്സാന്ത്രിയായിൽ വിവക്ഷിച്ചിരുന്ന ദൂര അളവ് ഏകദേശം 184. 83 മീറ്റർ ആണ്. എന്നാൽ റോമാക്കാരുടെ കണക്കനുസരിച്ച് ഒരു നാഴിക എന്ന് പുതിയ നിയമത്തിൽ ഭാഷാന്തരം ചെയ്തിരിക്കുന്നത് 1478 മീറ്ററിലെ കുറിക്കുന്നു (1.5 കി. മീ). യഹൂദന്മാരുടെ കണക്ക് അനുസരിച്ചു ഒരു നാഴിക 1386 മീറ്റർ മാത്രമേയുള്ളു. അതു പേർഷ്യൻ ദൂര അളവിന്റെ നാലിലൊന്നാണ്. ഒരു ശബ്ബത്ത് ദിവസത്തെ വഴി എന്ന് (അപ്പോ. 1:12 -ൽ കാണുന്നു) അത് 1109 മീറ്റർ ദൂരമത്രേ.

### വിസ്തീർണ്ണ അളവുകൾ

ഒരു പ്രത്യേക അളവുമാത്രമേ സ്പഷ്ടമായി കാണുന്നുള്ളു. (1 ശമു. 14:14, യെശ. 5:10). അതായത് ഒരു ജോടി കാളയെക്കൊണ്ട് ഒരു ദിവസം ഉഴാവുന്ന വിസ്തീർണ്ണം ഏകദേശം 33 സെന്റ് (1. രാജാ. 18:32-ൽ) ഒരു 'സെയാ' വിത്തുവിതപ്പാനുള്ള നിലമെന്നും പറയുന്നു. ഏകദേശം ഒന്നേമുക്കാൽ ഏക്കർ.

### തൂക്ക അളവുകൾ

**1) ഖര അളവ്**

പലപ്പോഴും പാത്രങ്ങൾക്കൊണ്ട് അളക്കുന്ന അളവുകളായിട്ടാണ് പറഞ്ഞിരിയ്ക്കുന്നത്. അല്ലെങ്കിൽ അല്ലെങ്കിൽ മൃഗങ്ങൾക്ക് വഹിക്കാവുന്ന ഭാരം (ന്യായ: 6:38, ആമോ. 6:6, 1 രാജാ. 20:10). ഒരു കഴുതയ്ക്ക് വഹിക്കാവുന്ന ഭാരം 'ഹോമറും', ഒരു കലത്തിലേക് 'ഹീനും', ഒരു കൊട്ടയ്ക്കത്തുള്ളത് 'ഏഫി' യും ആയി കരുതിയിരുന്നു. ഈജിപ്തിൽ നിന്നും ലഭിച്ചിട്ടുള്ള അളവുകളാണ് ഏഫയും, ഹീനും, മൊസോപ്പൊട്ടാമ്യയിൽനിന്നും ഹോമർ, കോർ, സെയാ എന്നിവയും ഫൊയ്നീഷ്യയിൽനിന്ന് ലെതക്കു, ലോഗ് എന്നിവയും സ്വീകരിച്ചിട്ടുണ്ട് (ഹോശ. 3:2, യെഹ. 45:14).

1 ഹോമർ = 1/10 ഏഥാ (ഓമെർ)

1 ഏഥാ = 10 ഹോമർ

1 ഹോമർ = 1 കോർ = 30 സെയാ

1 സെയാ = 6 കബ്

1 ലെതെക് = 1/2 കോർ=15 സെയാ (ഹോശ. 3:2).

1 ഹോമർ = 400 ലിറ്റർ

1 ഏഥാ = 40 ലിറ്റർ (പുറ. 16:36)

1 സെയാ = 12.15 ലിറ്റർ

1 കബ് = 2 ലിറ്റർ (2 രാജാ. 6:25).

മേൽപ്പറഞ്ഞവയിൽ സെയാ, കോർ എന്നിവ മാത്രമേ പുതിയ നിയമത്തിൽ കാണുന്നുള്ളു. ഏകദേശം 10 ലിറ്റർ കൊള്ളുന്ന അളവാണ് (മത്താ. 13.33, ലൂക്കോ. 16:7), മത്തായി 5:15-ൽ കാണുന്ന പറ.

**ദ്രാവക അളവുകൾ**

പ്രധാന ദ്രാവക അളവുകൾ 'ബത്ത്' (എസ്രാ. 7.21). 'ഹീൻ' (സംഖ്യാ. 15:4-10), ലോഗ് (കുറ്റി) (ലേവ്യാ 14:21-22) എന്നിവയാണ്.

1 ബത്ത് = 40 ലിറ്റർ

1 ഹീൻ = 1/6 ബത്ത് = 6.6 ലിറ്റർ

1 ലോഗ് = 1/12 ഹീൻ = .5 ലിറ്റർ

ഹോമർ (ഓമെർ) ദ്രാവക അളവിന് ഉപയോഗിക്കത്തില്ല. വലിയ ദ്രാവക അളവുകൾക്ക് ബത്ത് തന്നെയാണ് ഉപയോഗിച്ചിരുന്നത് (2 ദിന: 2.10) കമ്റാൻ സമൂഹം ബത്തിനേക്കാൾ വലിയ ദ്രാവക അളവുകൾ ഉപയോഗിച്ചിരുന്നതായി ഇപ്പോൾ കണ്ടുപിടിച്ചിട്ടുണ്ട്.

പുതിയ നിയമത്തിൽ ലൂക്കോസ് 16:6-ൽ ബത്ത് (കുടം) ഉപയോഗിച്ചിരിക്കുന്നു. യോഹ. 2:6 ലാകട്ടെ 60-ൽ പരം ലിറ്റർ കൊള്ളുന്ന മെത്രെറ്റസ് (പറ) എന്ന അളവാണ് ഉപയോഗിച്ചിരിയ്ക്കുന്നത്. അളവുകളും തൂക്കങ്ങളും സംബന്ധിച്ചു മലയാള പരിഭാഷയിൽ ഏകദേശ അളവുകൾ മാത്രമേ സൂചിപ്പിക്കുന്നു. എന്നാൽ വേദപുസ്തക അളവുകൾക്ക് തുല്യമായ ആധുനിക അളവുകൾ തിട്ടമായി രേഖപ്പെടുത്തുന്നത് പ്രയാസമാണ്. അളവുകളുടെ കാര്യത്തിൽ വേദപുസ്തകത്തിൽതന്നെയും ക്രമീകൃതമായ മാനദണ്ഡം പാലിച്ചിട്ടില്ല. അളവുകളും തൂക്കങ്ങളും സംബന്ധിച്ച് വിവിധ സംസ്കാരങ്ങളുടെ സ്വാധീനം ഇസ്രായേലിൽ വന്നതിനാൽ ഐക്യരൂപം കണ്ടെത്തുക സാദ്ധ്യമല്ല.

പുതിയ നിയമത്തിലെ ദ്രാവക അളവുകളെ താഴെ വരുന്ന പ്രകാരം ഏകദേശമായി സംഗ്രഹിക്കാം.

എ) എബ്രായ അളവിൽനിന്നു എടുത്തത്

1) ബാനോസ്=ബത്ത്=46 ലിറ്റർ (പറ) (ലൂക്കോ. 16:7).

2) കോറോസ്=കോർ=600 ലിറ്റർ = കുടം (ലൂക്കോ. 16:5).

3) സാതോൻ = സെയാ = 15 ലിറ്റർ കുടം

ബി. ഗ്രീക്ക് റോമൻ അളവുകളിൽനിന്നും

മെത്രെറ്റസ് = 40 ലിറ്റർ (യോഹ. 2:6-ൽ 60 ലിറ്റർ)

മൊഡിയോസ് = 10 ലിറ്റർ (മത്താ. 5:15), പറയിൻ കീഴല്ല)

ഖൊയ്നിക്സ്= 1 ലിറ്റർ (വെളി. 6:, ഇടങ്ങഴി)

ക്സെസ്റേറസ് = 5 ലിറ്റർ (മർക്കോ. 7:4, പാനപാത്രം, ഭരണി, ചെമ്പ്)

ഭാര അളവ്

1) 1 താലന്ത്=50 മിനാ (മാനേ)=29 കി. ഗ്രാം

2) 1 മിനാ = 50 ശേക്കൽ=58 കി.ഗ്രാം

3) 1 ശേക്കൽ=20 ഗേരാ=11.6 കി.ഗ്രാം

എന്നാൽ സാധാരണ തൂക്കത്തിൽനിന്നും വ്യത്യസ്തമാണ് ദേവാലയത്തിലേത്. നെഹ. 10:32 -ലെ ഒരു ശേക്കൽ 9.7 ഗ്രാമിനു തുല്യമാണ്. പുറ. 38:25-26-ലാകട്ടെ ഒരു ബെക്കാ അഥവാ 1/2 ശേക്കൽ എന്നു കാണുന്നത് സാധാരണ ശേക്കെലിന്റെ 5/12 ഭാഗം മാത്രമേയുള്ളൂ. സാധാരണ ശേക്കേൽ 11.6 കി. ഗ്രാമും ദേവാലയ ശേക്കൽ 9.7 ഗ്രാമും ആകുന്നു.

ഇസ്രേയിലിലെ താലന്ത്, ബാബിലോൺ ഉഗാറിത്ത് താലന്തുകളിൽനിന്നും വ്യത്യസ്തമാണ്.

1 താലന്ത് = 2500 ഇസ്രായേൽ ശേക്കൽ, 3600 ബാബിലോൺ ശേക്കൽ, 3000 ഉഗാറിത്ത് ശേക്കൽ

പുതിയ നിയമത്തിൽ 327 ഗ്രാം തൂക്കം വരുന്ന ലിട്രാ യെ കുറിച്ചു പറയുന്നുണ്ട്. 53 ഗ്രാം തൂക്കമുള്ള വെള്ളിതാലന്തും നിലവിലിരുന്നിരുന്നു. ഇത് 600 ദീനാർ അഥവാ 112500 രൂപയ്ക്ക് തുല്യമാണ്.

### നാണയങ്ങൾ

മാനവ സംസ്കാരത്തിന്റെ ആദ്യഘട്ടങ്ങളിൽ നാണയ വിനിമയ രീതി നിലവിലില്ലായിരുന്നു. ക്രയവിക്രയങ്ങൾ നടത്തിയത് തങ്ങളുടെ ജീവിതത്തോട് ഏറ്റവും ബന്ധപ്പെട്ടിരുന്ന ഉല്പന്നങ്ങൾ മുഖാന്തിരമായിരുന്നു. ഇടയന്മാരായ എബ്രായർ ആടുകളോ തുല്യവിലയുള്ള സ്വർണ്ണക്കട്ടകളോ വിനിമയമാർഗ്ഗമായി ഉപയോഗിച്ചിരുന്നു. എബ്രായ ഭാഷയിലെ കെശീത്താ എന്ന പദം ആടിനെ കുറിക്കുന്നു. (ഉല്പ. 21:28, 33:19, യോശുവാ 24:32) ഈ പദം 'സെപ്റ്റ്വജിന്റിൽ' വെള്ളിക്കാശ് എന്നതും വരുന്ന നാണയത്തെ സൂചിപ്പിക്കുന്നു. ലോഹക്കട്ടകളുടെ പരിശുദ്ധിയോ, കൂട്ടുചേർക്കലോ ആരും നിജപ്പെടുത്തിയിരുന്നില്ല. തൂക്കം അനുസരിച്ചു എണ്ണിയെടുക്കുക മാത്രമേ ചെയ്തിരുന്നുള്ളു (ഉല്പ. 23:16).

പേർഷ്യൻകാലം-എസ്രാ, നെഹ്യാവ് എന്നീ പുസ്തകങ്ങളിൽ നാണയങ്ങളെപ്പറ്റിയുള്ള പരാമർശനങ്ങളുണ്ട്. 1 ദിന. 29:7-ലെ 5000 താലന്തു പൊന്നും 10000 തങ്കകാശും നാണയങ്ങളാണ്. ഇക്കാലത്തെ നാണയം 'ഡാറിക്സ്' എന്ന പേരിൽ അറിയപ്പെടുന്നു. മൂലഭാഷയിൽ 'അദർക്കോനീം' എന്നും 'ദർക്കോനീം' എന്നുള്ള പദങ്ങ് 'ഡ്രാക്മാ' അഥവാ ദ്രഹ്മയെക്കുറിക്കുന്നു. ഇതിന്റെ തൂക്കം ഏകദേശം 66.5 ഗ്രാം വരും. നാണയ മൂല്യത്തിൽ വെള്ളി ദ്രഹ്മയ്ക്ക് ഏകദേശം 75 പൈസയും സ്വർണ്ണ ദ്രഹ്മയ്ക്ക് ഏകദേശം 10 രൂപയും വരും. ഭാര്യാവേശ് രാജാവ് അടിച്ചിറക്കിയ സ്വർണ്ണ ഡാറിക്കിന്റെ തൂക്കം ഏകദേശം 8.41 ഗ്രാം ആയിരുന്നു. ഈ നാണയത്തിന്റെ 1/20 വിലവരുന്നതും 5.60 ഗ്രാം തൂക്കമുള്ളതുമായ വെള്ളിനാണയങ്ങളെ 'മേദ്യൻ ശേക്കേൽ' എന്നും പറഞ്ഞുവരുന്നു.

*(ശേഷം അടുത്തലക്കത്തിൽ)*

## മെത്രാൻകക്ഷി സെക്രട്ടറിയുടെ അതിമോഹം

നവം. 26 ശനിയാഴ്ച മനോരമയിൽ മെത്രാൻകക്ഷിക്കാരുടെ സഭാ സെക്രട്ടറി വിചിത്രമായ ഒരു പ്രസ്താവന ഇറക്കി. കോതമംഗലം പള്ളിയിൽ മെത്രാൻകക്ഷികൾക്ക് ആരാധനയ്ക്ക് സമയം അനുവദിക്കണം. വിരലിലെണ്ണാൻ പോലും മെത്രാൻകക്ഷികളില്ലാത്ത കോതമംഗലം പള്ളിയിൽ മാത്യൂസ് ദ്വിതിയൻ കാതോലിക്കാ പ്രവേശിക്കുവാൻ കേരളാ ഹൈക്കോടതിയിൽ അപേക്ഷ സമർപ്പിച്ചതാണ്. എന്നാൽ ഹൈക്കോടതി ആ ആവശ്യം നിരാകരിക്കുകയുണ്ടായി. കോതമംഗലം പള്ളിയിൽ ആരാധന അനുവദിക്കണം എന്ന് ആവശ്യപ്പെടുന്നത് യേശുക്രിസ്തുവിനെ ആരാധിക്കുവാനുള്ള ആഗ്രഹമല്ല 'വിദേശിയായ യൽദോ ബാവായുടെ കബറിങ്കൽ' വീഴുന്ന നാണയത്തുട്ടുകളിൽ കണ്ണുവെച്ചും അവിടുത്തെ കോടിക്കണക്കിന് രൂപയുടെ സ്ഥാപനങ്ങൾ കൈക്കലാക്കാനുമുള്ള അതിമോഹവുമാണ് ഇതിന്റെ പിന്നിൽ. പുത്തൻകുരിശിലും മാമലശ്ശേരിയിലും മെത്രാൻകക്ഷി വൈദീകരെ കേറ്റാത്തത് എന്ത് തത്വത്തിലാണെന്ന് ആദർശ ധീരനായ സെക്രട്ടറി ചോദിക്കുന്നുണ്ട്. പുതുപ്പള്ളിയിലും തിരുവല്ലാ കട്ടപ്പുറത്തു പള്ളിയിലും, കായംകുളം കദീശാ പള്ളിയിലും യാക്കോബായ സഭയ്ക്ക് നൂറുകണക്കിന് വിശ്വാസികളുണ്ടെങ്കിലും സെമിത്തേരിയിൽ പോലും ഒരു വൈദീകനേയും പ്രവേശിപ്പിക്കാത്ത മാന്യന്മാരാണ് പ്രസ്താവനയിറക്കുന്നത്. പ്ലസ് ടു അദ്ധ്യാപകനായ സഭാ സെക്രട്ടറി സ്കൂളിൽപോകാതെ സർക്കാർ ശമ്പളം വാങ്ങിയതിന് വിജിലൻസ് കേസ് ഈ മാന്യദേഹത്തിന്റെ പേരിലുണ്ട്.

**ആബൂൻ**

# പണം - സ്നേഹബന്ധങ്ങളുടെ അവസാനവാക്ക്

വിശുദ്ധ വേദപുസ്തക ദർശനത്തിൽ പണത്തിന്റെ സ്വാധീനം വ്യക്തമാക്കുന്ന അനേക സംഭവങ്ങൾ പഴയനിയമത്തിലും പുതിയ നിയമത്തിലും കാണുവാൻ സാധിക്കും ദ്രവ്യം മോഹിച്ച് ഇസ്രായേലിനെ ശപിക്കുവാൻ തയ്യാറായ ബിലെയാമും കൊള്ള മുതൽ പൂഴ്ത്തിവെച്ച ആഹോനും നാബോത്തിന്റെ മുന്തിരിത്തോട്ടം കൈക്കലാക്കുവാൻ ശ്രമിച്ച ഇസബേലും നിലംവിറ്റ തുകയിൽ കുറച്ച് മാറ്റിവെച്ച് ശ്ലീഹന്മാരുടെ തലവനായ പത്രോസിനോട് കള്ളം പറഞ്ഞ ദമ്പതികൾക്കുണ്ടായ അനുഭവവും നമുക്കറിയാം.

വിശുദ്ധ ലൂക്കോസ് 12:33 നിങ്ങൾക്കുള്ളത് വിറ്റ് ഭിക്ഷ കൊടുപ്പിൻ, എന്നാൽ നിങ്ങൾക്ക് സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും. നിത്യജീവനെ അമ്പേഷിച്ച് യേശുവിനെ സമീപിച്ച യൗവ്വനക്കാരനോടും യേശു ഈ മറുപടിയാണ് കൊടുക്കുന്നതെന്ന് വി: മത്താ. 19:21-ൽ നമുക്ക് കാണാം. 1 തിമോ. 6:10-ൽ വിശുദ്ധ പൗലോസ് ശ്ലീഹാ തന്റെ പ്രിയ ശിക്ഷ്യനായ തിമോത്തിയോസിനോട് ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ, നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ അത് വിട്ട് ഓടിക്കോൾക.

അബ്രഹാം, ഈയ്യോബ്, ദാവീദ്, ഇവരെല്ലാം വിശുദ്ധ വേദപുസ്തകത്തിൽ കാണപ്പെടുന്ന അതിസമ്പന്നന്മാരാണ് എന്നാൽ അബ്രഹാം തന്റെ സഹോദരപുത്രനായ ലോത്തിനോട് നീ ഇടത്തോട്ടെങ്കിൽ, ഞാൻ വലത്തോട്ട് എന്ന് പറഞ്ഞ് സമ്പത്തിന്റെ പേരിൽ ലോത്തിനോട് വഴക്കുപിടിക്കാതെ മാറിപ്പോകുന്നത് കാണുവാൻ സാധിക്കും. മക്കൾ ഉൾപ്പെടെ സർവ്വ സമ്പത്തും നഷ്ടപ്പെട്ടപ്പോൾ ഇയ്യോബ് യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. രാജാവായ ദാവീദ് തന്റെ സമ്പത്തിൽ ഒരിക്കലും ആശ്രയിച്ചില്ല. സങ്കീർത്തനത്തിൽ അവൻ ഇങ്ങനെ പാടി. സമ്പത്ത് വർദ്ധിച്ചാൽ അതിൽ പ്രിയംവയ്ക്കരുത്. ഈ പറഞ്ഞ മൂന്നുപേരും ദൈവ രാജ്യത്തിന്റെ പ്രജകളായിത്തീർന്നു. സമ്പത്ത് ദൈവരാജ്യ പ്രവേശനത്തിന് ഒരു പ്രതിബന്ധമായി തീർന്നില്ല. പണത്തോടുള്ള നമ്മുടെ ആർത്തി ദൈവരാജ്യത്തിൽനിന്ന് നമ്മെ അകറ്റുന്നുണ്ടോയെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.



മനുഷ്യനാണ് പണമുണ്ടാക്കുന്നത്. പണത്തിന് മനുഷ്യനെ സൃഷ്ടിക്കാനാവില്ല എന്ന നഗ്ന സത്യം നശ്വരജീവികളായ മനുഷ്യൻ പലപ്പോഴും ബോധപൂർവ്വം മറന്നുപോകുന്നു. ഇവിടെ സ്നേഹമെന്നാൽ പണം; ബന്ധമെന്നാൽ പണം. പണമുണ്ടെങ്കിൽ സ്നേഹം വാങ്ങാം; വിൽക്കാം. ബന്ധങ്ങളെ സൃഷ്ടിക്കാം; വേരോടെ പിഴുതെറിയാം. പണമുണ്ടെങ്കിൽ ജീവൻ സംരക്ഷിക്കാം; നശിപ്പിക്കാം. പണമെന്ന ലഹരിയിൽ മദോന്മത്തനായി ഭൂമിയിലും ആകാശത്തുമല്ലാതെ നടക്കുന്ന മാനുഷിക ഭാവത്തിന് മുൻപിൽ ബന്ധങ്ങൾ നിസ്സഹായതോടെ തേങ്ങുന്നു. സ്നേഹം ചവിട്ടി മെതിയ്ക്കപ്പെടുന്നു. പണം മനുഷ്യ ജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിരിക്കുന്നു.

ഏതൊരു പ്രശ്നത്തിന്റെയും ഉത്ഭവവും പണത്തിലായിരിക്കും. രക്തം രക്തത്തെ തിരിച്ചറിയുമെന്നത് പഴമൊഴി. പണം പണത്തെ തിരിച്ചറിയുമെന്നത് പുതുമൊഴി. പണം തലയ്ക്കു പിടിച്ചു കഴിഞ്ഞാൽ അച്ഛനമ്മ സഹോദര സൗഹൃദ വിവേചനങ്ങളില്ല. അത് സ്വന്തമാക്കാൻ തല്ലാനും കൊല്ലാനും തയ്യാറാകുന്ന അധമ മനസ്സിന്റെ ഉടമകളായി മാറാൻ മനുഷ്യന് നിമിഷ നേരം മാത്രം മതി. കേവലം ഇരുപത്തിയഞ്ച് പൈസയുടെ വിലപോലുമില്ല മനുഷ്യജീവന് എന്ന് പത്രവാർത്തകളും ദൃശ്യമാധ്യമങ്ങളും പലപ്പോഴും നമ്മളെ ഓർമ്മപ്പെടുത്താറുണ്ട്. നിരപരാധികളുടെ രക്തക്കറ പുരണ്ട കൈകളുമായി ആർത്തട്ടഹസിക്കുന്ന അധമനുപോലും സംരക്ഷണം നൽകാനുള്ള മാസ്മരിക പ്രഭാവം പണത്തിനുണ്ട്. അധികാരം സംരക്ഷിക്കാനും അധികാരികളെ നിഷ്കാസിതരാക്കാനും പണത്തിന് കഴിയും. പണമുള്ളവൻ മുതലാളി; പണമില്ലാത്തവൻ വെറും നിസ്സാരൻ. ഇതിനിടയിൽ മറ്റൊരു വിഭാഗമില്ല.

എന്തിനാണ് മനുഷ്യൻ പണത്തിന് പിന്നാലെ പായുന്നത്. എത്ര കിട്ടിയാലും എന്തുകൊണ്ടാണ് പണം ആർക്കും തികയാത്തത്. പണമുണ്ടെങ്കിൽ ജീവതത്തിൽ എല്ലാം നേടാൻ കഴിയുമോ? ജീവിതാവസാനം സമ്പാദിച്ചുവെച്ച പണമെല്ലാം ഉപകാരപ്പെടുമെന്ന് എന്താണ് ഉറപ്പ്. ഇങ്ങനെ അനവധി ചോദ്യങ്ങൾ ഉയർന്നു വരുമ്പോൾ അതിനുള്ള ഉത്തരം നമ്മൾ എങ്ങനെ കണ്ടെത്തും?

അതിന് മനുഷ്യൻ നല്ല ഒരു മനസ്സിന്റെ ഉടമയാകണം. കുറെ പുസ്തകങ്ങൾ വായിച്ചതുകൊണ്ടോ പ്രഭാഷണങ്ങൾ കേട്ടതുകൊണ്ടോ ഒരാൾക്ക് നല്ല ഒരു മനസ്സ് ഉണ്ടാകണമെന്നില്ല. ബൈബിൾ, മഹാഭാരതം, ഖുറാൻ എന്നിവ അവലംബമാക്കിയുള്ള കഥകൾ എല്ലാവരും കേൾക്കുന്നുണ്ട്. എന്നിട്ടുമെന്തേ അവർ നന്നാകുന്നില്ല. കാരണം മനുഷ്യൻ എല്ലാം കേൾക്കുന്നുണ്ട്. കാണുന്നുണ്ട്. എന്നാൽ അതൊന്നും അവന് ഉൾക്കൊള്ളാനാവില്ല. മനസ്സ് പായുകയാണ്. കടിഞ്ഞാണില്ലാത്ത ഒരു കുതിരയപ്പോലെ. ഒരിയ്ക്കലും നിലയ്ക്കാത്ത ദുരയുമായി. അപ്പോൾ അവന്റെ കുടിലതയും വർദ്ധിക്കുകയായി. ആ കുടിലതയിൽ എരിഞ്ഞടങ്ങുന്നത് സ്നേഹബന്ധങ്ങൾ ആയിരിക്കും. ഒരുപറ്റം അധമചിന്താഗതിക്കാരെക്കൊണ്ട് നിറയുന്ന സമൂഹമധ്യത്തിൽ ശുദ്ധഹൃദയന് എത്രനാൾ പിടിച്ചുനിൽക്കാനാകും.

നമുക്കു പിന്നിൽ ഒരു തലമുറയുണ്ട്. ആ മനസ്സുകൾ എഴുതാത്ത കടലാസു താളുകൾപോലെയാണ്. അവിടേയ്ക്ക് വേർതിരിവിന്റെ വിഷവിത്തുകളെറിഞ്ഞ് സ്നേഹബന്ധങ്ങൾക്ക് വിലങ്ങുതടയിടാൻ കാലം കാട്ടുന്ന വ്യഗ്രത അവരെ എവിടെ കൊണ്ടെത്തിക്കും. ദുഷ്ടചിന്താഗതിക്കാരും ദുരാഗ്രഹികളുമായ ഒരു സമൂഹത്തെ അവർ മാതൃകയാക്കിയാൽ നാളെ ഇവിടം പാപികളെക്കൊണ്ട് നിറയും. പണമല്ല സ്നേഹബന്ധങ്ങളാണ് വലുത് എന്നവരെ പഠിപ്പിക്കണം. പണത്തിനോടുള്ള അടങ്ങാത്ത ദുര മനുഷ്യനെ നശിപ്പിക്കുകയേയുള്ളൂ എന്ന ഉത്തമബോധ്യം അവനിൽ ഉണ്ടാകണം.

പണം കണക്ക് പറഞ്ഞ് വാങ്ങുന്നവരുടെ ഇടയിൽ, പണം കൊള്ളപ്പലിശയ്ക്ക് കൊടുക്കുന്നവരുടെ ഇടയിൽ ഒരു മുഴം കയറിലോ, ഒരു ഗുളികയിലോ നിസ്സഹായ ജന്മങ്ങൾ വെന്തുരുകുമ്പോൾ കഴുകന്മാരുടെ ചിറകടിയിൽ ദീനരോദനങ്ങൾ അലിഞ്ഞു ചേരുന്നു. പണം സമ്പാദിക്കാൻ ഏതു മാർഗ്ഗത്തിലൂടെയും സഞ്ചരിക്കാൻ മടിയില്ലാത്തവരെ, സ്വാർത്ഥലാഭത്തിന് വേണ്ടി അസത്യം ശീലമാക്കിയവരെ നിങ്ങൾ എന്ത് നേടി. ചവിട്ടിയരയ്ക്കപ്പെട്ട സ്നേഹബന്ധങ്ങൾക്കിടയിലൂടെ എത്രനാൾ തുടരാനാകും ഈ യാത്ര?

മനുഷ്യന്റെ അദ്ധ്വാനത്തിന്റെ പ്രതിഫലമാണ് പണം. അദ്ധ്വാനിച്ചുണ്ടാക്കുന്ന പണത്തിനെ ആയുസ്സുള്ളൂ. അവിഹിത മാർഗ്ഗത്തിലൂടെ സമ്പാദിക്കുന്ന പണം ഒടുവിൽ സമ്പാദിച്ചതൊന്നും ഉപകരിക്കാത്ത അവസ്ഥവരും. അപ്പോഴാകും ചിന്തകൾ ഉണരുക. ചെയ്തതെല്ലാം തെറ്റായിപ്പോയി എന്ന ചിന്ത. ആ ചിന്തയിൽ നഷ്ടപ്പെട്ട സ്നേഹബന്ധങ്ങൾ വീണ്ടെടുക്കാനാകുമോ? താൻ അദ്ധ്വാനിക്കാതെ പണമുണ്ടാക്കുന്നത് താനിടാത്ത മുട്ടയ്ക്ക് അടയിരിയ്ക്കുന്ന തിത്തിരിപക്ഷിയെപ്പോലെയാണെന്ന പഴയനിയമ പ്രവാചകന്റെ വാക്ക് നമുക്ക് ശ്രദ്ധിക്കാം.

നൈമിഷികമായ പണചിന്തകൾക്ക് പിന്നാലെ പോകാതെ സ്നേഹബന്ധങ്ങളുടെ വിലയെപ്പറ്റി; അതിന്റെ വ്യാപ്തിയെപ്പറ്റി ഒരു നിമിഷം വിവേകബുദ്ധിയോടെ ആലോചിക്കൂ. സ്നേഹബന്ധമെന്ന മുത്തുചിപ്പിയെ മനസ്സിലിട്ട് താലോലിക്കൂ. സമാധാനത്തിന്റെ പൊൻപ്രഭയാൽ ഈ ലോകം മുഖരിതമാകട്ടെ.

# വടവാതൂർ മോർ അപ്രേം യാക്കോബായ....

*(പേജ് 1-ൽ നിന്നും തുടർച്ച)*

കോതകേരിയുടെയും, സഹവികാരി റവ. ഫാ. മാത്യു എം. ബാബുവിന്റെയും നേതൃത്വത്തിൽ അനേകം വിശ്വാസികളുടെ അകമ്പടിയോടുകൂടി മലേക്കുരിശ് ദയറ, പെരുമ്പള്ളി പള്ളി, പാണംപടി പള്ളി, സെന്റ് ജോസഫ് കത്തീഡ്രൽ തുടങ്ങിയ പള്ളികളിൽനിന്നും ആശീർവദിച്ചുകൊണ്ടുവന്ന് സ്ഥാപിച്ചു.

പള്ളിയുടെ ഇരു വശങ്ങളുടെയും മേൽക്കൂരമാറ്റി സ്ഥാപിക്കുന്നതും ഉൾപ്പെടെയുള്ള മൂന്നാംഘട്ടപണികൾ ആരംഭിച്ചു. വി.മദ്ബഹായിൽ ബസ്ക്കുദിശ സ്ഥാപിയ്ക്കുന്നതിനും മദ്ബഹായിലും പള്ളിയകത്തും തടി പാനലിംഗ് മറ്റും ചെയ്ത് കൂടുതൽ മോടിപിടിപ്പിക്കുന്നതിനും പള്ളിയുടെ പടിഞ്ഞാറുവശത്ത് ചുറ്റുവിളക്കോടുകൂടിയ ഒരു കൽക്കുരിശ് സ്ഥാപിക്കുന്നതിനും പള്ളിമുറ്റം ഭാഗികമായി കളർ ഇഷ്ടികകൾ പാകുന്നതിനും തീരുമാനിച്ചു. ആയതിനാൽ 2011 ഫെബ്രുവരി മാസം 6-ാം തീയതി മുതൽ വി. ആരാധന പാരീഷ്ഹാളിലേക്ക് മാറ്റി. ഇപ്പോൾ പണികൾ പൂർത്തിയാക്കിയ ദേവാലയം ആരാധനയ്ക്കായി ഒരുങ്ങിക്കഴിഞ്ഞു.

2011 നവംബർ 21, 22 തീയതികളിൽ ശ്രേഷ്ഠ കാതോലിക്കാ ബാവായുടെയും അഭിവന്ദ്യരായ തോമസ് മോർ തീമോത്തിയോസ്, അന്ത്യോഖ്യാ പ്രതിനിധി, മോർ പീലക്സിനോസ് മത്തിയാസ് നയിസ്, ജോസഫ് മോർ ഗ്രിഗോറിയോസ്, ഐസക് മോർ ഒസ്താത്തിയോസ് എന്നീ മെത്രപ്പോലീത്തന്മാരുടെയും നേതൃത്വത്തിൽ കൂദാശ നിർവ്വഹിച്ചു. വന്ദ്യ റമ്പാന്മാർ, അനേക വൈദീക ശ്രേഷ്ഠർ, ആയിരക്കണക്കിന് വിശ്വാസികളും പങ്കെടുത്തു.

22-ന് നടന്ന പൊതുസമ്മേളനത്തിൽ റവന്യൂ വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, അന്ത്യോഖ്യാ പ്രതിനിധി അഭി. മോർ പീലക്സിനോസ് മത്തിയാസ് നയിസ്, അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്താ, അഭി. ഐസക് മോർ ഒസ്താത്തിയോസ്, വിജയപുരം പഞ്ചായത്ത് പ്രസിഡന്റ് എൻ. ജീവകുമാർ, മുൻ എം.എൽ.എ. വി. എൻ. വാസവൻ തുടങ്ങിയവർ പ്രസംഗിച്ചു.

# ദുഃഖറോനോ



ചാത്തുരുത്തിൽ
ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനി
നവംബർ 2



പൗലൂസ് മോർ അത്തനാസിയോസ്
(കടവിൽ തിരുമേനി)
നവംബർ 2

## 2-ാം ചരമവാർഷികം

27-11-2011



ചാക്കോ ഏബ്രഹാം
(കുഞ്ഞൂഞ്ഞ്)
മമ്മേലിൽ, മണർകാട്

## പാവനസ്മരണയ്ക്ക്

ചരമവാർഷികം



ബിനോയി ജോസഫ്
തെക്കേത്തലയ്ക്കൽ
മാലം
(യൂത്ത് അസ്സോസിയേഷൻ
മുൻ മെമ്പർ)

# അഖില മലങ്കര ക്വിസ് മത്സരം

കുമരകം സെന്റ് ജോൺസ് ആറ്റാമംഗലം യാക്കോബായ സുറിയാനി പള്ളിയിലെ യുവജന പ്രസ്ഥാനമായ മോർ ഇഗ്നാത്തിയോസ് യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ മെമ്മോറിയൽ എവറോളിംഗ് ട്രോഫിക്കായുള്ള 16-ാമത് അഖില മലങ്കര ക്വിസ് മത്സരം ഡിസംബർ 11-ാം തീയതി ഞായറാഴ്ച രാവിലെ 10.00 മുതൽ ആറ്റാമംഗലം പള്ളി ഹാളിൽ വെച്ച് നടത്തപ്പെടുന്നു.

**സമ്മാനഘടന**

1-ാം സ്ഥാനം: മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും 5001 രൂപ ക്യാഷ് അവാർഡും

2-സ്ഥാനം: വാലയിൽ മത്തായി കത്തനാർ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും 2501 രൂപ ക്യാഷ് അവാർഡും.

3-ാം സ്ഥാനം: യൂത്ത് അസ്സോസിയേഷൻ വക എവറോളിംഗ് ട്രോഫിയും 1501 രൂപ ക്യാഷ് അവാർഡും

അഖില മലങ്കര അടിസ്ഥാനത്തിലുള്ള പള്ളികളിൽനിന്നും ഏത് ഭക്തസംഘടനയേയും പ്രതിനിധീകരിച്ച് രണ്ടു അംഗങ്ങൾ വീതമുള്ള എത്ര ടീമുകൾക്കും മത്സരത്തിൽ പങ്കെടുക്കാം.

Ph: 9746228649, 9496085734

## മെത്രാഭിഷേകം



മൂസൽ ഭദ്രാസനത്തിനുവേണ്ടി നവംബർ 27-ന് ദമസ്കസിലെ പാത്രിയർക്കാ അരമനയിൽവെച്ച് വാഴിക്കപ്പെടുന്ന വന്ദ്യ ദാവൂദ് മാത്തി ഷെറീഫ് റമ്പാൻ. ആകമാന സുറിയാനി സഭയുടെ ഇറാഖിലെ പ്രധാന ഭദ്രാസനമാണ് മൂസൽ. പരി. ഇഗ്നാത്തിയോസ് യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവായുടെ ജന്മദേശമാണ്.

# മാർ അപ്രേം: ദൈവശാസ്ത്രജ്ഞനായ ആത്മീയകവി

**വെരി. റവ. മാത്യൂസ് റമ്പാൻ, കരിമ്പനയ്ക്കൽ** (പ.പാത്രിയാർക്കീസ് ബാവായുടെ സെക്രട്ടറി)



മഹാപരിശുദ്ധനായ മോർ അപ്രേം ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ ഏറ്റവും പ്രസിദ്ധനായ വിശുദ്ധനാണ്. അനുതാപത്തിന്റെ വിശുദ്ധനെന്നാണ് സഭാപിതാക്കന്മാർ അദ്ദേഹത്തെക്കുറിച്ച് പറയുന്നത്. പരിശുദ്ധാത്മാവിന്റെ കിന്നരം എന്നാണ് സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് അദ്ദേഹത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. സുറിയാനി സഭയുടെ സൂര്യനാണെന്നും, നല്ല ചിന്തകളുടെ പിതാവെന്നും അദ്ദേഹത്തെക്കുറിച്ച് പിതാക്കന്മാർ പിതാവെന്നും അദ്ദേഹത്തെക്കുറിച്ച് പിതാക്കന്മാർ വിശേഷിപ്പിക്കുന്നു. അഗാധമായ ദൈവശാസ്ത്രചിന്തകളെ ഏറ്റവും ലളിതമായ പദ്യരൂപത്തിൽ അവതരിപ്പിച്ച് സാധാരണ വിശ്വാസികളെ പ്രബോധിപ്പിക്കുന്നതിൽ നിപുണനായിരുന്നു മോർ അപ്രേം. ഞങ്ങൾക്കുള്ള കർത്താവേ.. ഭക്തർ പുകഴ്ച്ചാ ഭാജനമേ.. തുടങ്ങി സാധാരണ സുറിയാനിക്കാരന്റെ നാവിന് സുപരിചിതമായ പദ്യങ്ങളെല്ലാം അദ്ദേഹത്താൽ വിരചിതമാണ്.

ജനനവും യൗവനവും

ഏ. ഡി. 300-കളിലാണ് അദ്ദേഹത്തിന്റെ ജനനം. ജീവചരിത്രകാരന്മാർ പറയുന്നത് അദ്ദേഹത്തിന്റെ പിതാവ് ഒരു വിജാതീയനായ പുരോഹിതനായിരുന്നു എന്നാണ്. (പക്ഷേ ഇത് നിഷേധിക്കുന്ന പിതാക്കന്മാരും ഉണ്ട്.) മോർ അപ്രേം തന്റെ യുവത്വം നിസിബിലെ മെത്രാനായിരുന്ന മോർ യാക്കോബിന്റെ കൂടെയായിരുന്നു ചെലവിട്ടത്. എ. ഡി. 325-ലെ നിഖ്യാസുന്നഹദോസിൽ അദ്ദേഹം മോർ യാക്കോബിന്റെ കൂടെ പങ്കെടുത്തു എന്നൊരു പാരമ്പര്യം ഉണ്ട്. മോർ അത്താനാസ്യോസും നിഖ്യാസുന്നഹദോസിൽ പങ്കെടുത്തിരുന്നു എന്ന് ചരിത്രം പറയുന്നുണ്ട്. മോർ അപ്രേം തന്റെ യൗവ്വനവും വാർദ്ധക്യവും മുഴുവൻ യേശുക്രിസ്തുവിനു സമർപ്പിച്ചുകൊണ്ട് സന്ന്യാസം വരിച്ചു. ഒരു അദ്ധ്യാപകനായിനിന്നുകൊണ്ട് 35 വർഷത്തോളം അദ്ദേഹം നിസിബിലെ സർവ്വകലാശാലയിൽ പഠിപ്പിച്ചു. എ. ഡി. 363-ഓടുകൂടി ചില പ്രശ്നത്തെ തുടർന്ന് അദ്ദേഹം രാജ്യം വിട്ട് എഡേസയിലക്ക് പോകേണ്ടിവന്നു. അദ്ദേഹമാണ് എഡേസ്സായിലെ ദൈവശാസ്ത്രപഠനശാലയുടെ ശില്പി. അവിടെ വച്ചാണ് അദ്ദേഹം തന്റെ ലേഖനപരമ്പരകളും ബൈബിൾ വ്യാഖ്യാനങ്ങളും, ഗീതങ്ങളും രചിച്ചത്. വളരെ പരിശുദ്ധനായ അദ്ദേഹത്തെക്കുറിച്ച് മോർ അപ്രേം സർസൗദ പാത്രിയർക്കീസ് ബാവ പറയുന്നത് *ആളിപ്പടരുന്ന അഗ്നിയായിരുന്നു മോർ അപ്രേം* എന്നാണ്.

വിശ്വാസവിപരീതങ്ങളെ നശിപ്പിക്കുന്ന അഗ്നിയായിരുന്നു അദ്ദേഹത്തിന്റെ രചനകൾ. സത്യവിശ്വാസത്തെ പരിരക്ഷിച്ച വിശ്വസ്തനായ കർത്താവിന്റെ ഒരു പടയാളിയായിരുന്നു അദ്ദേഹം. വിശ്വാസം സംരക്ഷിക്കുന്നതിനായി അനേകം മെമ്രോകൾ രചിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ രചനകളെല്ലാം തന്നെ വി. ഗ്രന്ഥവുമായി ബന്ധപ്പെട്ടിട്ടുള്ളവയാണ്. സുറിയാനിയിലുള്ള വി. ഗ്രന്ഥം മുഴുവൻ നഷ്ടപ്പെട്ടാൽ പോലും മോർ അപ്രേമിന്റെ രചനകളിൽനിന്നും വീണ്ടും വി.ഗ്രന്ഥം കെട്ടിപ്പടുക്കാം എന്നൊരു പഴമൊഴി തന്നെയുണ്ട്.

മൂന്നാം നൂറ്റാണ്ടിൽ സർദയിസാൻ എന്ന വേദവിപരീതി, ഗാനങ്ങളിലൂടെ തന്റെ പ്രബോധനങ്ങൾ ജനങ്ങളിൽ പ്രചരിപ്പിച്ചു. ജനപ്രീതിനേടിയ രാഗങ്ങളിൽ രചിച്ചതിനാൽ ജനശ്രദ്ധ പിടിച്ചുപറ്റാൻ അവയ്ക്കു കഴിഞ്ഞു. മോർ അപ്രേം ഇതു തിരിച്ചറിയുകയും സർദയിസാൻ പ്രചരിപ്പിച്ച രാഗങ്ങളിൽതന്നെ ക്രിസ്തീയ സത്യവിശ്വാസത്തിന്റെ പ്രബോധനങ്ങൾ രചിക്കുകയും അവ പെട്ടെന്നു ജനപ്രീതി പിടിച്ചു പറ്റുകയും ചെയ്തു. മോർ അപ്രേമാണ് ആദ്യമായി ഗാനശുശ്രൂഷയ്ക്കായി സ്ത്രീകളെ ദേവാലയങ്ങളിൽ നിയമിച്ചത്. ഇന്നത്തെ ദേവാലയ ഗാനശുശ്രൂഷകളുടെ പിതാവുംകൂടെയാണ് മോർ അപ്രേം.

എഡേസ്സയിലെ മലകളിൽ ഏകാന്തവാസിയായി കഴിയുന്ന കാലത്ത് ഒരു മാലാഖ കയ്യിൽ ഒരു പുസ്തകച്ചുരുളുമായി പ്രത്യക്ഷപ്പെട്ട മാളാഖ ചോദിച്ചു *ആർക്കാണ് ഈ ചുരുൾ നൽകേണ്ടതെന്ന്?* കാരണം അനേകം ഏകാന്തവാസികൾ ആ മലയിൽ തപസ്സനുഷ്ഠിക്കുന്നുണ്ടായിരുന്നു *ഇന്ന് സുറിയാനിക്കാരനായ മോർ അപ്രേം അല്ലാതെ വേറൊരു താപസ്സനും ഈ ദൈവിക സന്ദേശങ്ങൾ അടങ്ങിയ ചുരുൾ സ്വീകരിക്കാൻ യോഗ്യനല്ല* എന്നായിരുന്നു കൂടെയുണ്ടായിരുന്ന മലാഖാമാരുടെ മറുപടി. ഇന്നു മോർ അപ്രേമിന്റെ ചിത്രങ്ങളിൽ കാണുന്ന ചുരുളിന്റെയും മാലാഖമാരുടെയും പിന്നിലുള്ള ഐതീഹ്യം ഇതാണ്. പരിശുദ്ധ ദൈവമാതാവിന്റെയും മാലാഖമാരുടെയും വിശുദ്ധ കുർബ്ബാനയുടെയും അഗാധ ഭക്തനായിരുന്നു അദ്ദേഹം. തന്റെ ജീവിതാവസാന കാലത്ത് എഡേസ്സയിൽ വലിയ ദുരിതങ്ങൾ ഉണ്ടായി. ആവശ്യക്കാരെയും രോഗികളെയും സഹായിക്കാൻ മോർ അപ്രേം തീരുമാനിക്കുകയും അന്നത്തെ സമ്പന്നരിൽനിന്നും പണം സ്വീകരിച്ച് ഒരു ചെറിയ ആശുപത്രി സ്ഥാപിക്കുകയും ചെയ്തു.

എഡി 373 ജൂൺ മാസം 9-ാ തീയതി അദ്ദേഹം കാലം ചെയ്തു എന്നു ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു.

ദൈവവചനം സ്വീകരിച്ച് അതനുസരിച്ച് ജീവിച്ച മോർ അപ്രേം അഗാധമായ എളിമയുടെയും അനുതാപത്തിന്റെയും ഉദാത്ത മാതൃകയാണ്. കർത്താവിന്റെ തിരുശരീരരക്തങ്ങൾ വഹിക്കുവാൻ ഞാൻ അയോഗ്യനാണ് എന്നു ചിന്തിച്ച അദ്ദേഹം തന്റെ ജീവിതാവസാനത്തോളം ശെമ്മാശ്ശനായി ജീവിച്ചു.

## ശ്രാദ്ധപ്പെരുന്നാൾ



പാണംപടി വിശുദ്ധമർത്തമറിയം പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പുണ്യശ്ലോകനായ പൗലൂസ് മോർ കൂറിലോസ് തിരുമേനിയുടെ ശ്രാദ്ധപ്പെരുന്നാൾ ഡിസംബർ 15-ന് ആഘോഷിക്കുന്നു.

## അനുമോദനങ്ങൾ



### രേഷ്മ മെറിൻ രാജു

അഖില മലങ്കര ബാലകലോത്സവത്തിൽ സീനിയർ വിഭാഗം പ്രസംഗമത്സരത്തിൽ എ ഗ്രേഡ് നേടി. കുറ്റിയക്കുന്ന് സൺഡേസ്കൂൾ വിദ്യാർത്ഥിനി.

## അനുമോദനങ്ങൾ



### ജയിൻ കുര്യാക്കോസ്

ബാച്ച്ലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (എം. ജി. യൂണിവേഴ്സിറ്റി) പരീക്ഷയിൽ രണ്ടാം റാങ്ക്നേടി. തിരുവഞ്ചൂർ വെളിയംകുന്നത് കുടുംബാഗമാണ്.

## 25-ാം വിവാഹവാർഷികം (23.11.2011)



### ഏബ്രഹാം വറുഗീസ് & കുഞ്ഞമ്മ ഏബ്രഹാം

**കന്നുകുഴിയിൽ, മണർകാട്**

*അച്ചാച്ചനും അമ്മയ്ക്കും*

*ഒരായിരം വിവാഹ വാർഷികാശംസകൾ*

**മക്കൾ: നിധിനും, നീനുവും**

# അനുശോചിച്ചു



മികച്ച പാർലമെന്റേറിയനും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയുമായിരുന്ന കമാൻഡർ ടി. എം. ജേക്കബിന്റെ നിര്യാണത്തിൽ സെന്റ് മേരീസ് യൂത്ത് അസോസിയേഷൻ മണർകാട് അനുശോചനം രേഖപ്പെടുത്തി. റവ. ഫാ. കുര്യാക്കോസ് കാലായിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വെരി. റവ. ആൻഡ്രൂസ് ചിരവത്തറ കോർഎപ്പിസ്കോപ്പാ, അലൻ വർഗീസ് വാലയിൽ, സെക്രട്ടറി അജു മാത്യു മുണ്ടാനിക്കൽ, അലൻ കാലായിൽ തുടങ്ങിയവർ പ്രസംഗിച്ചു.

# സണ്ടേസ്കൂൾ വാർത്തകൾ

**വാർഷിക പരീക്ഷ**

സണ്ടേസ്കൂൾ 10, +1, +2 ക്ലാസ്സുകളുടെ വാർഷിക പരീക്ഷ ഡിസംബർ 4-ന് ഞായറാഴ്ച രാവിലെ 11.00 മുതൽ സെൻട്രൽ സണ്ടേസ്കൂളിൽവെച്ച് നടക്കുന്നു.

**മികവ് 2011**

മണർകാട് ഡ്സിട്രിക്ക് സണ്ടേസ്കൂൾ അദ്ധ്യാപകരുടെ കലാമത്സരങ്ങൾ ഡിസംബർ 11 ഞായറാഴ്ച സെൻട്രൽ സണ്ടേസ്കൂളിൽവെച്ച് നടത്തപ്പെടുന്നു.

**ഭദ്രാസന അദ്ധ്യാപക വാർഷികം**

പാമ്പാടി ഈസ്റ്റ് മർത്തമറിയം പള്ളിയിൽവെച്ച് ഡിസംബർ 18 ഞായറാഴ്ച വിശുദ്ധ കുർബ്ബാനയ്ക്ക്ശേഷം നടത്തപ്പെടുന്നു.

**മണർകാട് ഡിസ്ട്രിക്ക് അദ്ധ്യാപക വാർഷികം**

മണർകാട് ഡിസ്ട്രിക്ക് അദ്ധ്യാപക വാർഷികം ഡിസംബർ 25, ഞായറാഴ്ച പറമ്പുകര സണ്ടേസ്കൂളിൽവെച്ച് നടത്തപ്പെടുന്നു.

# അറിയിപ്പ്

കഴിഞ്ഞ അഞ്ച്വർഷക്കാലമായി യൂത്ത് അസോസിയേഷന്റെ മുഖപത്രമായ കോലോ സുറിയോയോ സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നുമുള്ള പരസ്യങ്ങളിലൂടെയും സംഭാവനകളിലൂടെയുമാണ് പ്രസിദ്ധീകരിക്കുന്നത്. തികച്ചും സൗജന്യമായി വിതരണം ചെയ്യുന്ന കോലോ സുറിയോയോയുടെ പ്രവർത്തനങ്ങളിൽ ഏവരും സഹകരിക്കണമെന്ന് താൽപ്പര്യപ്പെടുന്നു. മാസികയിൽ പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്ന വാർത്തകളും ചിത്രങ്ങളും എല്ലാമാസവും 20-ാം തീയതിക്കു മുൻപായി യൂത്ത് അസോസിയേഷൻ ഓഫീസിലോ, യൂത്ത് അസോസിയേഷൻ ഭാരവാഹികളെയോ ഏൽപ്പിക്കേണ്ടതാണ്. ഇവയോടൊപ്പം ബന്ധപ്പെടുവാനുള്ള കൃത്യമായ ഫോൺ നമ്പറുകൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. പ്രസിദ്ധീകരണയോഗ്യമായ വാർത്തകളും ചിത്രങ്ങളും സ്ഥല ലഭ്യതയനുസരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ സെക്രട്ടറി (അജു മാത്യു മുണ്ടാനിക്കൽ)-9496464299, എഡിറ്റർ (സുരേഷ് ജോൺ കൈപ്പള്ളിൽ) -9446073942,
e-mail: editor.kolosuryoyo@gmail.com

## ആദരാഞ്ജലികൾ



### മാത്യു തോമസ് (പാപ്പച്ചി)

**പട്ടമ്മാപറമ്പിൽ, കൊച്ചുമറ്റം**

**മരണം-20.11.2011**

*പത്താഴക്കുഴി സെന്റ്മേരീസ് സണ്ടേസ്കൂൾ ആരംഭിക്കുവാൻ ഏറെ പ്രയത്നിച്ച അപ്പച്ചന്റെ ആത്മാവിന് സണ്ടേസ്കൂളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും നിത്യശാന്തി നേരുന്നു.*



*മണർകാട് വിശുദ്ധ മർത്തമറിയം കത്തീഡ്രൽ പള്ളി സന്ദർശിച്ച അന്ത്യോഖ്യാ പ്രതിനിധി മോർ പീലക്സിനോസ് മത്തിയാസ് നയിസ് മെത്രാപ്പോലീത്തായ്ക്ക് പള്ളി അങ്കണത്തിൽ സ്വീകരണം നൽകുന്നു. അഭി. മോർ പീലക്സിനോസ് സഖറിയാസ് മെത്രാപ്പോലീത്താ സമീപം.*

# അന്യന്റേതു നമ്മുടേതല്ല

മെത്രാൻകക്ഷികളുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ മലങ്കര സഭയുടെ നവംബർ ലക്കത്തിൽ പ്രസിഡന്റ് സക്കറിയാസ് മോർ അന്തോണിയോസ് എഴുതിയ ലളിതം മധുരം പംക്തിയിൽ അന്യന്റേത് നമ്മുടേതല്ല എന്ന ലേഖനത്തിൽ മെത്രാൻകക്ഷി സഭക്കാരെ തിരുമേനി ഗുണദോഷിക്കുന്നു. തമിഴ് സാഹിത്യകാരനായ തിരുവള്ളൂരിന്റെ ജീവിതത്തിൽ അദ്ദേഹത്തിന് സാമ്പത്തിക ഞെരുക്കമാണെന്ന് അറിഞ്ഞ് അദ്ദേഹത്തെ സഹായിക്കുവാൻ സ്നേഹിതന്മാർ ഭവനത്തിൽ കൊണ്ടുവച്ച പൊൻതളിക തിരുവള്ളൂർ എടുത്ത് ദൂരെയെറിഞ്ഞു. അതുപോലെ നാമും അധ്വാനിച്ചുണ്ടാക്കാത്ത ഒന്നും ആഗ്രഹിക്കുകയോ അവകാശപ്പെടുകയോ കൈവശപ്പെടുത്തുകയോ ചെയ്യരുത്. നമ്മുടെ സ്ത്രീകളുടെ ആഡംബരത്തെയും പുരുഷന്മാരുടെ ധാരാളിത്തത്തേയും വിമർശിച്ചാണ് ലേഖനം അവസാനിപ്പിക്കുന്നത്.

ഇതു വായിക്കുന്ന യാക്കോബായക്കാർക്ക് ആരാണ്ടുടെ ചാരിത്ര്യപ്രസംഗംപോലെ തോന്നാറുണ്ട്. മലങ്കര സഭയുടെ പൊതു സ്വത്തുക്കൾ മുഴുവൻ ചതിയിലൂടെയും വഞ്ചനയിലൂടെയും തട്ടിയെടുത്ത ഉജ്ജ്വല പാരമ്പര്യമാണ് മെത്രാൻകക്ഷികളുടേത്. കോട്ടയം പഴയ സെമിനാരി, എം. ഡി. സെമിനാരി, കൊരട്ടി അരമന, മൂവാറ്റുപുഴ അരമന, ആലുവാ തൃക്കുന്നത്ത് സെമിനാരി, മണ്ണുത്തി അരമന തുടങ്ങി യാക്കോബായക്കാരന്റെ രക്തവും വിയർപ്പുംകൊണ്ട് പടുത്തുയർത്തിയ കോടിക്കണക്കിന് സ്വത്തുക്കളും അനേകം ദൈവാലയങ്ങളും മെത്രാൻകക്ഷികൾ കൈവശപ്പെടുത്തി. അഞ്ഞൂറുകോടി ആസ്തിയുള്ള കോലഞ്ചേരി പള്ളി പിടിക്കാനാണ് ഇപ്പോഴത്തെ ശ്രമം. യേശുക്രിസ്തു പറഞ്ഞ പരീശന്മാരെപ്പോലെയാണ് ഇവരുടെ ഉപദേശവും പ്രവൃത്തിയും. കേരളത്തിലെ ക്രൈസ്തവസഭകൾക്ക് ഇത്രയധികം അപമാനം വരുത്തുന്ന ഒരു വിഭാഗം കേരളത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. ഏതു മത മേലദ്ധ്യക്ഷന്മാരോ സമുദായ നേതാക്കന്മാരോ, രാഷ്ട്രീയക്കാരോ സമാധാനാലോചനയുമായി സമീപിച്ചാലും തികച്ചും നിഷേധാത്മകമായ നിലപാടെടുക്കുന്നവരാണ് മെത്രാൻകക്ഷികൾ. കേസിനു വേണ്ടി ചിലവാക്കിയ കോടികളുണ്ടായിരുന്നെങ്കിൽ ഈ സഭയിലെ വീടില്ലാത്ത എല്ലാവർക്കും വീടു വയ്ക്കുവാനും പഠിക്കുവാൻ കഴിവും ആഗ്രഹവുമുണ്ടായിട്ടും സാമ്പത്തിക പരാധീനതയാൽ പഠനം വഴിമുട്ടിയ ആയിരങ്ങൾക്ക് ധനസഹായം നൽകുവാനും സാധിക്കുമായിരുന്നു. കോടതി വിധി കൊണ്ട് പ്രശ്നങ്ങൾ തീരില്ലായെന്ന് അനേകം കോടതികൾ വ്യക്തമാക്കിയാലും കോടതി കൊണ്ടേ പ്രശ്നം തീരുകയുള്ളൂ യെന്ന് പറയുന്ന മെത്രാൻകക്ഷി നേതൃത്വത്തിന് ക്രൈസ്തവത്വവുമില്ല, മനുഷ്യത്വവുമില്ല.

# നടുവിലേടത്ത് ഉണ്ണൂട്ടൻ റമ്പാൻ

**അജു മാത്യു മുണ്ടാനിക്കൽ** (യൂത്ത് അസോസിയേഷൻ സെക്രട്ടറി)

നടുവിലേടത്തു കുടുംബത്തിലെ വളരെ പ്രഗത്ഭനും ദൈവഭക്തനുമായിരുന്ന വൈദീക ശ്രേഷ്ഠനായിരുന്നു ഇദ്ദേഹം. ഇദ്ദേഹം ജീവിച്ചിരുന്നത് 5-ാം മാർത്തോമ്മായുടെ കാലത്താണ്. 18-ാം നൂറ്റാണ്ടിന്റെ ആദ്യത്തെ ഏഴ് ദശാബ്ദക്കാലം ആയിരുന്നു ബഹുമാനപ്പെട്ട റമ്പാച്ചന്റെ ജീവിതകാലം. ഈ കാലഘട്ടത്തിൽ ഡച്ചുകാർ സുറിയാനി ക്രിസ്ത്യാനികളെ അവരുടെ വിശ്വാസത്തിലേയ്ക്ക് വശീകരിക്കുവാൻ തീവ്രയത്നം നടത്തിക്കൊണ്ടിരുന്നു. എന്നാൽ 5-ാം മാർത്തോമ്മായും അദ്ദേഹത്തെ അനുസരിച്ചു നടന്ന വൈദീകരും ജനങ്ങളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുവാൻ അക്ഷീണം പരിശ്രമിച്ചു.

ബഹുമാനപ്പെട്ട റമ്പാച്ചൻ, വളരെ വിസ്തൃതമായ മണർകാടുപള്ളി ഇടവകയുടെ വിവിധ കരകളിൽ താമസിച്ച് ആളുകളെ സന്ദർശിച്ച് അവരെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു പോന്നിരുന്നു. മണർകാട് പഴയപള്ളിയുടെ പടിഞ്ഞാറെ അറ്റത്ത് അന്നുണ്ടായിരുന്ന മുറിതട്ടിൽ താമസിച്ച് വൈദികകർമ്മങ്ങൾ നടത്തിപോന്നു. എ.ഡി. 1771-ൽ (കൊല്ലവർഷം 946 ധനു 25-ന്) അദ്ദേഹം കബറടങ്ങി. അദ്ദേഹത്തിന്റെ കബർ ഇപ്പോഴും മണർകാടുപള്ളിയുടെ ഹൈക്കലായിൽ തെക്കുവശത്ത് കരിങ്കൽ സ്ലാബു കൊണ്ട് മൂടി സംരക്ഷിച്ചിരിക്കുന്നു. ബഹു. റമ്പാച്ചന്റെ ഓർമ്മ അന്നുമുതൽ ആണ്ടുതോറും, കുടുംബത്തിലെ ഓരോ തായ് വഴികളിലേയും വീടുകളിൽ തവണ മുറയ്ക്ക് ക്രിസ്മസ് ദിനത്തിൽ (ഡിസംബർ 25-ന്) ആചരിച്ചുപോരുന്നു. ഈ രീതിക്ക് ഭംഗം വരാതെ ഇന്നും കുടുംബയോഗവും ശ്രാദ്ധവും നടത്തിവരുന്നു. ശ്രാദ്ധ ആവശ്യത്തിലേയ്ക്ക് പ്രത്യേകം നിലം കുടുംബ ട്രസ്റ്റുവകയായി നീക്കിവച്ചിട്ടുണ്ട്. എല്ലാ ഡിസംബർ 25-ാം തീയതിയും പള്ളിയിൽ ബഹു. റമ്പാച്ചന്റെ ഓർമ്മയ്ക്കായി കബറിങ്കൽ ധൂപപ്രാർത്ഥനയും തുടർന്ന് പള്ളിയിൽമുറിയിൽ വെച്ച് ശ്രാദ്ധസദ്യയും നടത്തിപ്പോരുന്നു.

# യുവജനവാരാഘോഷം ഉദ്ഘാടനം ചെയ്തു.



കോലഞ്ചേരി: ആധുനിക കാലഘട്ടത്തിൽ സമൂഹത്തിൽ ഉണ്ടാകുന്ന ദുഷ്ചെയ്തികൾക്ക് എതിരെ യുവാക്കൾ പ്രതികരണശേഷിയുള്ളവരായിരിക്കണമെന്ന് യാക്കോബായ സഭ കണ്ടനാട് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. യാക്കോബായ സഭ യൂത്ത് അസോസിയേഷൻ യുവജനവാരാചരണത്തിന്റെ ദേശീയ തല ഉദ്ഘാടനം കോലഞ്ചേരി സെന്റ് പീറ്റേഴ്സ്&സെന്റ് പോൾസ് യാക്കോബായ സുറിയാനി പള്ളിയിൽ നിർവ്വഹിക്കുകയായിരുന്നു മെത്രാപ്പോലീത്താ, സമൂഹത്തിൽ ഇന്ന് ഉണ്ടായിരിക്കുന്ന വിഭാഗീയതയ്ക്കും, വർഗ്ഗവിദ്വേഷങ്ങൾക്കും എതിരെ യുവസമൂഹം ഉണർന്നു പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണെന്ന് മെത്രാപ്പോലീത്താ കൂട്ടിച്ചേർത്തു. യൂത്ത് അസോസിയേഷൻ ദേശീയ പ്രസിഡന്റ് മാത്യൂസ് മോർ തേവോദോസിയോസ് അദ്ധ്യക്ഷത വഹിച്ചു.

# കണ്ടനാട് കത്തീഡ്രലിൽ 43 വർഷങ്ങൾക്കുശേഷം അഭി പിതാക്കന്മാരുടെ നേതൃത്വത്തിൽ വി. അഞ്ചിന്മേൽ കുർബ്ബാന നടന്നു

കൊച്ചി: കണ്ടനാട് വി. മർത്തമറിയാം യാക്കോബായ കത്തീഡ്രലിൽ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ വി. അഞ്ചിന്മേൽ കുർബാന നടന്നു.

കത്തീഡ്രലിൽ കബറടങ്ങിയിരിക്കുന്ന കിഴക്കിന്റെ മഫ്രിയാന പ. ശക്രള്ള മോർ ബസേലിയോസ് ബാവായുടെ ശ്രാദ്ധപ്പെരുന്നാൾ ദിവസം നടന്ന വി. അഞ്ചിന്മേൽ കുർബ്ബാനയ്ക്ക് മെത്രാപ്പോലീത്തന്മാരായ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രീഗോറിയോസ്, ഡോ. ഏബ്രഹാം മോർ സേവേറിയോസ്, ഡോ. മാത്യൂസ് മോർ ഈവാനിയോസ്, ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ്, പൗലോസ് മോർ ഐറേനിയോസ് എന്നിവർ സഹകാർമ്മികരായിരുന്നു. പള്ളിയിൽ 43 വർഷത്തിനു ശേഷമാണ് ഇത്തരത്തിൽ വി. അഞ്ചിന്മേൽ കുർബാന അർപ്പിക്കപ്പെട്ടത്. പെരുന്നാൾ തലേദിവസം മുളന്തുരുത്തി മാർത്തോമ്മൻ കത്തീഡ്രലിൽനിന്ന് നടന്ന തീർത്ഥയാത്രയിൽ ആയിരക്കണക്കിന് വിശ്വാസികൾ പങ്കെടുത്തു. കണ്ടനാട് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മോർ ഈവാനിയോസ് ഇടുക്കി ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മോർ ഈവാനിയോസ് ഇടുക്കി ഭദ്രാസനാധിപൻ ഡോ. കുറിയാക്കോസ് മോർ ക്ലീമീസ് എന്നീ മെത്രാപ്പോലീത്തന്മാർ തീർത്ഥയാത്രയെ അനുഗമിച്ചു. പള്ളിയി ൽ എത്തിച്ചേർന്ന ശ്രേഷ്ഠബാവായെയും മെത്രാപ്പോലീത്തന്മാരെയും വികാരി പുന്നച്ചാലിൽ റവ. ജോൺ കോർ എപ്പിസ്കോപ്പാ, സഹവികാരി ഫാ.ഷാജി മേപ്പാടം സഭാ സെക്രട്ടറിയും പള്ളി ട്രസ്റ്റിയുമായി തമ്പു ജോർജ്ജ് തുകലൻ എന്നിവർ സംബന്ധിച്ചു.

# മാമ്മലശ്ശേരി പള്ളിയിൽ സംഘർഷം

മാമ്മലശ്ശേരി മോർ മിഖായേൽ യാക്കോബായ സുറിയാനി പള്ളിയിൽ പുതിയ വൈദീകന്റെ നിയമനത്തെ തുടർന്ന് സംഘർഷം. യാക്കോബായ സഭയിൽനിന്നും രണ്ടുവൈദീകർ കൂറുമാറി പോയതിനാൽ മെത്രാൻകക്ഷികൾക്ക് തവണയുള്ള ഈ പള്ളിയിൽ പുതിയ വൈദീകനെ നിയോഗിച്ചതിനെ തുടർന്നാണ് സംഘർഷം. പരിശുദ്ധ പരുമല തിരുമേനിയുടെ പെരുന്നാളിനോടനുബന്ധിച്ച് മാമലശ്ശേരി പള്ളിയുടെ കീഴിലുള്ള നീർക്കുഴി ചാപ്പലിൽ യാക്കോബായ വിശ്വാസികളെ ആക്രമിക്കുവാൻ വൈദീകരുടെ നേതൃത്വത്തിൽ വന്ന വാൻ യാക്കോബായ വിശ്വാസികൾ തടയുകയുണ്ടായി. ജനക്കൂട്ടം വണ്ടിതല്ലിത്തകർത്തപ്പോൾ ഇറങ്ങി ഓടിയ ഒരാൾ പോലീസ് പിടിയിലായി. ഈ സമയം പള്ളിയിലേക്ക് ഓടിക്കയറിയ ഗുണ്ടകളെ മെത്രാൻകക്ഷി വൈദീകൻ സംരക്ഷിക്കുകയുണ്ടായി. പള്ളിയിൽ കയറിയിരിക്കുന്ന ആളുകളെ പുറത്തിറക്കണമെന്ന് ആവശ്യപ്പെട്ട് യാക്കോബായ വിശ്വാസികൾ പള്ളി ഉപരോധിക്കുകയും പുത്തൻകുരിശ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പോലീസ് സംഘം പള്ളിയിലെത്തുകയും യാക്കോബായ വിശ്വാസികളെ പള്ളിയിൽനിന്ന് പുറത്തിറക്കുവാൻ ശ്രമിക്കുകയും ചെയ്തു. തുടർന്ന് സഭാ സെക്രട്ടറി തമ്പു ജോർജ്ജ് തുകലൻ മൂവാറ്റുപുഴ ആർ. ഡി. ഒ. യുമായി ചർച്ച നടത്തുകയും ആരാധന സ്വാതന്ത്ര്യം അനുവദിക്കാമെന്നുള്ള ഉറപ്പിൽ സമരപരിപാടികളിൽനിന്ന് പിൻവലിയുകയും ചെയ്തു.

*കടപ്പാട്: വിശ്വാസസംരക്ഷകൻ*

# യുവജനവാരാഘോഷം

മണർകാട് വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ യുവജനവാരം വെരി. റവ. ഇ. ടി കുറിയാക്കോസ് കോർ എപ്പിസ്കോപ്പ ഇട്ടിയേടത്ത് ചെയ്തു. നവംബർ മാസം ആറാം തീയതി ഞായറാഴ്ച വി. കുർബ്ബാനയ്ക്ക് ശേഷം പാത്രിയർക്കാ പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു. വൈകുന്നേരം 7 മണിക്ക് നടന്ന പ്രാർത്ഥനയ്ക്കും, തുടർന്ന് നടന്ന ക്ലാസ്സിനും ഫാ. കുറിയാക്കോസ് കാലായിൽ നേതൃത്വം നൽകി. യുവജനവാരാഘോഷത്തിന്റെ ഭാഗമായി മണർകാട് സെന്റ് മേരീസ് ഹോസ്പിറ്റൽ യൂത്ത് അസോസിയേഷന്റെ പ്രവർത്തകർ സന്ദർശിച്ചു.

# പ്രമേഹം നിശ്ശബ്ദനായ കൊലയാളി

**നവംബർ 14**
**ലോകപ്രമേഹദിനം**

51 ദശലക്ഷം പ്രമേഹരോഗികളുടെ നാടാണ് ഇന്ത്യ. അത് 151% എന്ന നിരക്കിൽ വളരുകയും ചെയ്യുന്നു. ലോകത്തെ ഏതു രാജ്യത്തെക്കാളും ഏറ്റവും ഉയർന്ന പ്രമേഹ രോഗികളുടെ എണ്ണത്തിലേക്കാണ് ഇന്ത്യ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതെന്ന സൂചനകളാണ് ഈ കണക്കുകൾ നൽകുന്നത്. 2025 ആകുമ്പോഴേക്കും പ്രമേഹരോഗികളുടെ എണ്ണം 70 ദശലക്ഷമായി ഉയരുമെന്നാണ് ഇന്റർനാഷണൽ ഡയബറ്റിസ് ഫെഡറേഷൻ കണക്കാക്കുന്നത്. ഇന്ത്യയിലെ 15 വയസ്സിനു മുകളിലുള്ള 11 ശതമാനം നാഗരിക ജനതയ്ക്കും 3 ശതമാനം ഗ്രാമീണ ജനതയ്ക്കും നിലവിൽ പ്രമേഹം ഉണ്ട്.

രക്തത്തിലെ പഞ്ചസാരയുടെ അളവ് ക്രമാതീതമായി കൂടി നിൽക്കുന്ന അവസ്ഥയാണ് പ്രമേഹം. ഹൃദയം, വൃക്ക, കരൾ, കണ്ണുകൾ തുടങ്ങി തലച്ചോറിനെ വരെ പ്രമേഹം ബാധിക്കുന്നു. അതുകൊണ്ടാണ് പ്രമേഹം ഒരു നിശബ്ദനായ കൊലയാളിയാണെന്നു പറയുന്നത്.

**പ്രമേഹത്തിന്റെ അടയാളങ്ങളും ലക്ഷണങ്ങളും**

അമിതമായ ദാഹം, അമിതമായ വിശപ്പ്, കാഴ്ച മങ്ങൽ, ഉറക്കം തൂങ്ങൽ, ഇടയ്ക്കിടെ മൂത്രശങ്ക, ഉണങ്ങാത്ത മുറിവുകൾ, രക്തത്തിൽ പഞ്ചസാരയുടെ അളവ് ഉയർന്നുതന്നെ നിൽക്കൽ

**പ്രമേഹം 3 വിധത്തിലുണ്ട്**

ടൈപ്പ് 1 ഇൻസുലിൻ ഡിപ്പന്റന്റ് ഡയബറ്റിസ് മെലിറ്റസ് അഥവാ ജുവനൈൽ ഡയബറ്റൈസ് (കുട്ടികൾക്ക് ഉണ്ടാകുന്നത്) ടൈപ്പ് 2 നോൺ ഇൻസുലിൻ ഡിപ്പന്റന്റ് ഡയബറ്റിസ് മെലിറ്റസ്, ഗർഭകാല പ്രമേഹം - ജസ്റ്റേഷണൽ ഡയബറ്റിസ് മെലിറ്റസ്.

**പ്രമേഹത്തിന് കാരണം പുതിയ ഭക്ഷണരീതി**

ഇന്നിപ്പോൾ പരിഷ്കൃത സമൂഹം രോഗങ്ങളെ വിലയ്ക്കു വാങ്ങാൻ തുടങ്ങിയിരിക്കുന്നു. പ്രകൃതിദത്തമായ ആഹാരത്തിനു പകരം പ്രകൃതിയെ വെല്ലുവിളിച്ചുകൊണ്ടുള്ള ആഹാരരീതികളാണ് അവലംബിച്ചിരിക്കുന്നത്. ഇങ്ങനെ ദൈവത്തിന്റെ വരദാനമായ മനുഷ്യകുലം നശിച്ചുകൊണ്ടിരിക്കുന്നു. കുടുംബം മുഴുവനായിട്ട് രോഗികളെക്കൊണ്ട് നിറയുകയാണ്. ഉപഭോഗസംസ്കാരം കൊഴുക്കുകയും ചെയ്യുന്നു. ഇനിയും നമ്മൾ പ്രകൃതിയോട് ഇണങ്ങുന്ന ആഹാരരീതിയിലേക്ക് തിരിച്ചു പോയില്ലെങ്കിൽ ആരോഗ്യമുള്ളൊരു തലമുറ എന്നത് വെറുമൊരു കിനാവായിട്ട് അവശേഷിക്കുമെന്നത് ഒരു വാസ്തവം തന്നെയാണ്.



ഭക്ഷണപദാർത്ഥങ്ങളെ ആവശ്യം, അത്യാവശ്യം, അനാവശ്യം എന്നിങ്ങനെ തിരിക്കാം. പതിറ്റാണ്ടുകൾ നിലനിന്നിരുന്ന ജീവിതരീതി അപ്പാടെ മാറിക്കഴിഞ്ഞു. ഇപ്പോൾ കാണുന്ന ആഹാരരീതികൾ, സമയക്രമങ്ങൾ, പാകം ചെയ്യാൻ ഉപയോഗിക്കുന്ന പാത്രങ്ങൾ തുടങ്ങിയവയെല്ലാം അനാരോഗ്യത്തിന്റെ വഴിയിലേക്കാണ് നമ്മെ നയിക്കുന്നത്.

പുതിയ സമൂഹത്തിന്റെ സംഭാവനയായ ഫ്രിഡ്ജ് ഉപയോഗിക്കുന്നത് സാധനങ്ങൾ കേടുകൂടാതെ സംരക്ഷിക്കാം എന്നുള്ളതാണ്. എന്നാൽ ഇതുകൊണ്ട് വന്നുഭവിക്കുന്ന അപകടങ്ങളെക്കുറിച്ച് ആരും ബോധവാന്മാരല്ല. ആവശ്യമില്ലെങ്കിലും മറ്റു കാരണങ്ങളാൽ ഇത് വാങ്ങി വീട്ടിൽ സൂക്ഷിക്കുന്നവരുണ്ട്. ഇതുണ്ടാക്കുന്ന ദോഷങ്ങളെക്കാളുപരി ഗുണവശങ്ങൾ പെരുപ്പിച്ചുകാണിച്ചു ജനങ്ങളിൽ അടിച്ചേല്പിക്കുന്ന കമ്പനിതന്ത്രങ്ങൾ നാം കണ്ടു വരുന്നതാണല്ലോ. ഇങ്ങനെ വീട്ടിൽ വന്നുചേരുന്ന ഈ ഫ്രിഡ്ജ് ജീവിതത്തിന്റെ ഒരു ഭാഗമാകുന്നു. തണുത്ത വസ്തുക്കൾ പതിവായി കഴിച്ചാൽ ചുമയും ജലദോഷവും ശ്വാസകോശരോഗങ്ങളും ഉണ്ടാകുന്നു. ഭക്ഷണം അപ്പപ്പോൾ പാകം ചെയ്തു കഴിക്കുന്നതാണ് ആരോഗ്യത്തിനു നല്ലത്. എന്നാൽ ഇപ്പോൾ ഫ്രിഡ്ജ് സർവ്വ വ്യാപിയായതോടെ ഒരാഴ്ച പഴക്കമുള്ള ഭക്ഷണപദാർത്ഥങ്ങൾ കഴിക്കുന്നത് സർവ്വ സാധാരണമാണ്. പഴയകാലത്ത് പഴകിയ ആഹാരം ആരും കഴിച്ചിരുന്നില്ല. ഭക്ഷണം പാകം ചെയ്തുകഴിഞ്ഞ് മൂന്നു മണിക്കൂർ കഴിഞ്ഞാൽ അത് ഭക്ഷ്യയോഗ്യമല്ല. പഴകിയ ഭക്ഷണം ഉള്ളിൽ ചെന്നാൽ മലബന്ധത്തിനും മറ്റും കാരണമാകുന്നു. കണ്ണ്, മൂക്ക്, ചെവി എന്നിവയ്ക്ക് ദോഷം ചെയ്യുന്നു.

നാം കഴിക്കുന്ന ആഹാരത്തിന് ശുദ്ധതയുണ്ടായിരിക്കണം. ആഹാരം പഴകുന്നതനുസരിച്ച് ഇത് നഷ്ടപ്പെടുന്നു. ക്രമേണ ഇവ കാഴ്ചക്കുറവിനും കേൾവിക്കുറവിനും ഇടവരുത്തും. ഇന്നിപ്പോൾ വളരെ ചെറുപ്പത്തിൽ തന്നെ കണ്ണടയും ശ്രവണേന്ദ്രിയങ്ങളും ആവശ്യമായിത്തീരുന്നു.

പായ്ക്ക് ചെയ്ത് വരുന്ന ജാം, സോസ്, ബേക്കറി സാധനങ്ങൾ, അച്ചാറുകൾ ഇവയെല്ലാം കൂടുതൽ നാൾ കേടുകൂടാതിരിക്കാനാണ് രാസവസ്തുക്കൾ ഉപയോഗിക്കുന്നു. എന്തിന് നാം നിത്യേന വാങ്ങുന്ന പായ്ക്കറ്റ് പാലിലും ബെൻസോയിക് ആസിഡ് തുടങ്ങിയ മാരക രാസവസ്തുക്കൾ ഉപയോഗിക്കുന്നു. ഇതെല്ലാം വയറ്റിലെ അമ്ലത വർദ്ധിപ്പിക്കുന്നു. ക്രമേണ ഇത് അൾസറിലേക്കും വഴിവെക്കും.

ബേക്കറി പദാർത്ഥങ്ങളിൽ പ്രധാനമാണല്ലോ ബിസ്ക്കറ്റുകൾ. നിറങ്ങൾ ഉപയോഗിക്കുന്നത് സൺലൈറ്റ് മഞ്ഞ, ഖരാമൽ എന്നിവയാണ്. ശീതള പാനീയങ്ങൾക്കും മറ്റും നിറം നൽകാൻ ലെഡ്കോമേറ്റ്, കോൾട്ടാർ. ചായങ്ങൾ, മെറ്റാനിക് മഞ്ഞ, റെഡ് ഓക്സൈഡ് എന്നിവ ചേർക്കുന്നു. ഇവ അന്ധത, തളർവാതം, കരൾരോഗം തുടങ്ങിയവയ്ക്ക് കാരണമാകുന്നു. കൂടാതെ സൂപ്പ്, ന്യൂഡിൽസ് ഇവയിൽ മോണോസോഡിയം ബ്രൂട്ടോമേറ്റ് ചേർക്കുന്നു. ഇത് രുചിക്കടിമയാകുന്നു. ഇവ മാർക്കറ്റിൽ അജിനോമോട്ടോ, ചൈനീസ് സോൾട്ട് എന്നിങ്ങനെ അറിയപ്പെടുന്നു. തുകൽ സംസ്കരണത്തിന് ഉപയോഗിക്കുന്നതാണിത്. ഇതിന്റെ ഉപയോഗം കഴുത്തിന്റെ ചലനശേഷിയെ ബാധിക്കാം. കഠിനമായ ക്ഷീണമുണ്ടാക്കാം. രക്തസമ്മർദ്ദം കൂടുന്നു. പല രാജ്യങ്ങളിലും നിരോധിച്ചിട്ടുള്ളതാണിത്. ഇന്ത്യയിൽ ഈ ചേരുവയ്ക്ക് ബേബി ഫുഡിൽ മാത്രമേ നിരോധനമുള്ളു. എണ്ണ ചീത്തയാകാതിരിക്കുന്നത് ആന്റി ഓക്സിഡന്റ് ഉപയോഗിക്കുന്നു.

ലഘുപാനീയങ്ങൾ, ശീതളപാനീയങ്ങൾ, സോഡ, സർബത്ത്, മിഠായികൾ, മസാലകൾ, ബേക്കറിവസ്തുക്കൾ, ടിൻഫുഡ്, ഫാസ്റ്റ്ഫുഡ് എന്നിവ അനാവശ്യ ഭക്ഷണങ്ങളാണ്. ഇതെല്ലാം പുതിയ പരിഷ്കാരത്തിന്റെ ഭാഗമായി എത്തിയവയാണ്. ഇവ വിഷവും ആരോഗ്യത്തിനു അത്യന്തം ഹാനികരവുമാണ്. വറുത്ത സാധനങ്ങളും ആരോഗ്യം നശിപ്പിക്കുന്നു. ഇതുകൊണ്ടും മലബന്ധം, രക്തസമ്മർദ്ദം തുടങ്ങി മറ്റുള്ള രോഗങ്ങൾക്ക് തുടക്കമാകാറുണ്ട്. പണ്ട് ഉപ്പും മുളകും പുരട്ടി സാധനങ്ങൾ സൂക്ഷിക്കാറുണ്ട്. നിറത്തിന് മഞ്ഞൾ, മണത്തിന് ഏലയ്ക്ക, ഗ്രാമ്പു, കർപ്പൂരം, കുങ്കുമം തുടങ്ങി പ്രകൃതിദത്തമായ വിഭവങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഇത് ആരോഗ്യദായകമാണ്.

**ആഹാര നിയന്ത്രണം, വ്യായാമം, മരുന്ന്**

നിങ്ങൾക്ക് പ്രമേഹം ഉണ്ടെങ്കിൽ നിങ്ങൾ ഒറ്റയ്ക്കല്ല 51 ദശലക്ഷം ഇന്ത്യക്കാർ നിങ്ങളോടൊപ്പമുണ്ട്. പ്രമേഹത്തെ അവഗണിച്ചാൽ അത് നിങ്ങളുടെ ആയുസ്സു കുറയ്ക്കുകയും, നിങ്ങളുടെ ജീവിത നിലവാരത്തിൽ നിർണ്ണായകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയും ചെയ്യും. വൃക്കകൾക്ക് ക്ഷതം, ഹൃദയാഘാതം, അന്ധത, അവയവ ഛേദം എന്നിവ അടക്കമുള്ള ഗുരുതരമായ സങ്കീർണ്ണതകൾ നിങ്ങൾക്ക് ഉണ്ടാകാം. എല്ലാ ദിവസവും രക്തത്തിലെ പഞ്ചസാര നിയന്ത്രിച്ചു നിർത്തുന്നത് ആരോഗ്യകരമായി ദീർഘകാലം ജീവിച്ചിരിക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. ശാസ്ത്രീയമായ ബോധവത്കരണവും, ശരിയായ ചികിത്സയും വഴി നമുക്ക് പ്രമേഹത്തെ നിയന്ത്രിക്കാം.



*ചെറിയ ചെറിയ അളവിൽ കഴിക്കുക.*

*ഭക്ഷണം ഒരിക്കലും ഒഴിവാക്കരുത്.*

*നാരുകൾ കൂടുതൽ അടങ്ങിയ ഭക്ഷണം കഴിക്കുക*

*കൊഴുപ്പിന്റെ അളവ് കുറയ്ക്കുക.*

*പഞ്ചസാര കൂടുതൽ ഉള്ള ഭക്ഷണം കുറയ്ക്കുക.*

*പാചകത്തിലും ഭക്ഷണം ഉപ്പ് കുറഞ്ഞ അളവിൽ ഉപയോഗിക്കുക.*

*താഴ്ന്ന ഗ്ലൈസിമിക് ഇൻഡക്സ് ഉള്ള ഭക്ഷണം തെരഞ്ഞെടുക്കുക. കാരണം ഇത്തരം ഭക്ഷണങ്ങൾ ഇൻസുലിന്റെ സംവേദനക്ഷമത മെച്ചപ്പെടുത്തുകയും ചെയ്യും.*

**പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

പതിവായ പരിശോധനകൾ നിർവ്വഹിക്കണം, കൃത്യമായ ഭക്ഷണ സമയം പാലിക്കണം, 3 കൃത്യമായ ഇടവേളകളിൽ കഴിക്കണം, ഭക്ഷണം ഒഴിവാക്കരുത്, അമിതമായി ഭക്ഷിക്കരുത്, പുകവലി അലസാനിപ്പിക്കുക, മദ്യപാനം നിയന്ത്രിക്കുക, നല്ല നിയന്ത്രണം, ഫാസ്റ്റിംഗ് ബ്ലഡ് ഷുഗർ 80-120, പി. പി. ബ്ലഡ് ഷുഗർ 140 -180

**പ്രമേഹം തടയാനുള്ള മുൻകരുതലുകൾ**

പ്രമേഹം വരാതിരിക്കാനുള്ള മുൻകരുതലുകൾ അമ്മമാർ മക്കളുടെ ജനനത്തിനുമുമ്പേ തുടങ്ങണം. ഗർഭകാലത്ത് അമ്മയുടെ ഭക്ഷണവും, ആരോഗ്യ ശീലവും ശരിയായിരുന്നാൽ കുഞ്ഞിന് പ്രമേഹ സാധ്യത കുറയും. വാഹനങ്ങളെ എപ്പോഴും ആശ്രയിക്കാതെ ദിവസം അര മണിക്കൂറെങ്കിലുമുള്ള നല്ല നടത്തം പിൽക്കാല പ്രമേഹ രോഗങ്ങളെ ചുരുക്കുന്നു.

ഇലക്കറികൾ, പഴവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ തുടങ്ങിയ നാരുകൂടുതലുള്ള ഭക്ഷണങ്ങൾ ശീലമാക്കുക.

ബേക്കറി സാധനങ്ങൾ, കോള തുടങ്ങിയ ലഘുപാനീയങ്ങൾ കൊഴുപ്പുകളടങ്ങിയിട്ടുള്ള ഫാസ്റ്റ് ഫുഡ് എന്നിവ നിരുത്സാഹപ്പെടുത്തുക. ഭക്ഷണത്തിലെ എണ്ണയുടെ ആവർത്തന ഉപയോഗം കുറയ്ക്കുക. ഇടയ്ക്കിടെ പരിശോധന വിധേയനാകുക.

# സംയുക്ത ക്രിസ്തുമസ് ആഘോഷം



മണർകാട് വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സംയുക്ത ക്രിസ്തുമസ് ആഘോഷം ഡിസംബർ 23-ാം തീയതി വെള്ളിയാഴ്ച 5.30 ന് പള്ളി അങ്കണത്തിൽ വെച്ച് നടത്തപ്പെടുന്നു. മലബാർ ഭദ്രാസനാധിപൻ അഭി. സഖറിയാസ് മോർ പീലക്സിനോസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതും. ബഹു. റവന്യൂമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നിർവ്വഹിക്കുന്നതുമാണ്. ചെങ്ങന്നൂർ എം.എൽ.എ പി. സി. വിഷ്ണുനാഥ് ക്രിസ്മസ് ദൂത് നൽകുന്നു. വിവിധ രാഷ്ട്രീയ സാമൂഹിക നേതാക്കൾ ആശംസകൾ നൽകുന്നതുമാണ്.

ഇതോടനുബന്ധിച്ച് സേവകാസംഘം നിർമ്മിച്ചു നൽകുന്ന വീടുകളുടെ താക്കോൽദാനവും യൂത്ത് അസോസിയേഷൻ നിർദ്ധനരായ വികലാംഗർക്ക് നൽകുന്ന **കൃത്രിമ കാലുകളുടെ വിതരണവും നടത്തപ്പെടുന്നതാണ്.**

രോഗബാധയാൽ ശബ്ദം നഷ്ടപ്പെട്ടതിനെ തുടർന്ന് ദൈവമാതാവിന്റെ മദ്ധ്യസ്ഥയിൽ അഭയപ്പെട്ട് ശബ്ദം വീണ്ടെടുത്ത ഐഡിയാ സ്റ്റാർ സിംഗർ ഫെയിം ഡോ. ബിനീതാ നയിക്കുന്ന ഗാനമേളയും ക്രമീകരിച്ചിരിക്കുന്നു. വിവിധ മത്സരങ്ങളും നടത്തപ്പെടുന്നു. പരിപാടികളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവരും സമ്മാനങ്ങൾ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവരും ആ വിവരം ഭാരവാഹികളെ മുൻകൂട്ടി അറിയിക്കേണ്ടതാണ്. ഫോൺ: 9496464299 (സെക്രട്ടറി)

# പ്രശ്നപരിഹാരത്തിന് തടസ്സം

## മെത്രാൻകക്ഷികളുടെ നിഷേധാത്മക നിലപാട്

പുത്തൻകുരിശ്: മെത്രാൻകക്ഷിസഭ നേതൃത്വത്തിന്റേതായി വന്ന പ്രസ്താവനകൾ അടിസ്ഥാന രഹിതവും സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുക എന്നലക്ഷ്യത്തോടും കൂടിയാള്ളതാണെന്ന് ശ്രേഷ്ഠബാവാ പറഞ്ഞു.

വ്യവഹാരങ്ങൾ അവസാനിപ്പിച്ച് ചർച്ചകളിലൂടെ ഇരുസഭകളും തമ്മിലുള്ള വിഷയങ്ങൾക്ക് പരിഹാരം ഉണ്ടാകണമെന്നാണ് യാക്കോബായ സഭയുടെ എന്നുമുള്ള നിലപാടെന്ന് ബാവാ വ്യക്തമാക്കി. നാളിതുവരെ നടന്നിട്ടുള്ള ചർച്ചകൾ ഫലപ്രാപ്തി കാണുവാൻ ഇടയാകാതെ വന്നത് മെത്രാൻകക്ഷി നേതൃത്വത്തിന്റെ സ്വാർത്ഥതയും നിഷേധാത്മകമായ നിലപാടുംമൂലമാണെന്ന് ചർച്ചകൾക്ക് മധ്യസ്ഥത വഹിച്ച സമുന്നതരായവരിൽനിന്നും അറിയുവാൻ കഴിഞ്ഞെന്ന് ബാവാ പറഞ്ഞു.

കോലഞ്ചേരി പള്ളിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ നീതിപൂർവ്വമായി പരിഹിക്കുന്നതിന് യാക്കോബായ സഭ തയ്യാറാണെന്ന് മദ്ധ്യസ്ഥരുടെ മുൻപാകെ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇടവക വിശ്വാസികൾ പടുത്തുയർത്തിയ പള്ളിയും സ്വത്തുക്കളും അവർക്ക് നഷ്ടപ്പെടുന്നതായ ഒരു തീരുമാനവും അംഗീകരിക്കുവാൻ സാദ്ധ്യമല്ല. കോലഞ്ചേരി ഇടവകയിൽ മാത്രമല്ല തർക്കമുള്ള എല്ലാ ദേവാലയങ്ങളും ജനഹിതത്തിന് അനുസരിച്ച് തീരുമാനങ്ങൾ ഉണ്ടാവുകയാണ് വേണ്ടത്. ബഹു. കോടതിയുടെ നിർദ്ദേശങ്ങൾ അംഗീകരിച്ച് മദ്ധ്യസ്ഥ ശ്രമങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കുവാൻ മെത്രാൻകക്ഷി സഭാ നേതൃത്വം മുന്നോട്ടു വരികയാണ് വേണ്ടത് എന്ന് ബാവാ ആവശ്യപ്പെട്ടു. ജനാധിപത്യ സംവിധാനം നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് ജനഹിതത്തിന് വിരുദ്ധമായി മുന്നോട്ടുപോകുവാൻ സാധിക്കുകയില്ല എന്ന യാഥാർത്ഥ്യം മെത്രാൻകക്ഷി സഭാനേതൃത്വം തിരിച്ചറിയേണ്ടിയിരിക്കുന്നു.

പുത്തൻകുരിശ് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയിൽ യാക്കോബായ വിഭാഗത്തിന് അനുകൂലമായ വിധി വന്നപ്പോൾ കോടതിവിധികൾക്കും യാഥാർത്ഥ്യങ്ങൾക്കും അപ്പുറമായി മറുവിഭാഗത്തിലുള്ളവരെ സഹോദരന്മാരിയ കണ്ട് ആത്മീയ ആവശ്യങ്ങൾ അവരുടെ വിശ്വാസത്തിന് ചേർന്ന വിധം നടത്തിക്കൊടുക്കുവാൻ യാക്കോബായ സഭ തീരുമാനം കൈക്കൊണ്ടു. എന്നാൽ, ആരുടെയും ഔദാര്യങ്ങൾ വേണ്ട എന്ന നിലപാട് കൈകൊണ്ട് ബഹു.ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ നടന്നതായ ചർച്ചയിൽ നിന്ന് ഇറങ്ങിപ്പോയ മെത്രാൻകക്ഷി വിഭാഗം യാതൊരു പ്രകോപനവും ഇല്ലാതിരിക്കെ ഒരു വൈദികന്റെ നേതൃത്വത്തിൽ ആരാധനാ സമയത്ത് ഏതാനും പേരേടൊപ്പം ചേർന്ന് പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്.

യാക്കോബായ സഭ എന്നും സമാധാനത്തിന് വേണ്ടിയാണ് നിലകൊള്ളുന്നത്. ആക്രമങ്ങളെ സഭ ഒരിക്കലും പ്രോത്സാഹിപ്പിക്കുകയില്ല. എന്നാൽ സഭയിലെ വിശ്വാസികളുടെ നേരേയുള്ള അതിക്രമങ്ങളെ കണ്ടുനിൽക്കുവാൻ സഭയ്ക്ക് കഴിയുകയില്ല. യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട് ക്രിസ്തീയ നീതിക്ക് അനുസൃതമായി പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് വേണ്ടത് എന്ന് ബാവാ പറഞ്ഞു.

യാക്കോബായ സഭയ്ക്ക് രാഷ്ട്രീയ താൽപ്പര്യങ്ങളോ നിലപാടുകളോ ഇല്ലാ എന്ന് ബാവാ വ്യക്തമാക്കി. രാജ്യത്തിനും സമൂഹത്തിനും പ്രയോജനപ്പെടുന്നവരെ തെരഞ്ഞെടുക്കുവാൻ ജനാധിപത്യ പ്രക്രിയയിൽ ജനങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്നും ബാവാ പറഞ്ഞു.

POLONICA
GENTS BEAUTY PARLOUR
& LADIES HAIR STYLING
Golden Enclave Apts., Near GíMart, Kanjikuzhi, Kottayam. Ph: 0481-2571351
❖ Hair Rebonding ❖ Hair Straightening ❖ Hair Smoothing ❖ Hair Cutting ❖ Hair Spa ❖ Herbal Dying ❖ Oil Massage ❖ Henna Treatment ❖ Hair Colouring ❖ Pedicure & Manicure ❖ Gold Facial ❖ Herbal Facial ❖ Pearl Facial ❖ Diamond Facial ❖ Aroma Facial ❖ Cheryl's Facial ❖ Seaweed Therapy ❖ Acne Treatment ❖ Galvanic Facial ❖ Vegetable Facial ❖ Fruit Facial ❖ Dandruff Treatment
*Our Sister Concern*
POLONICA
LADIES BEAUTY PARLOUR
K. K. Road, Kalathilpady, Kottayam
Ph: 0481-6500229

Published by St. Maryís Youth Association, Manarcad : For Private Circulation only. Printed at Ravi Prinets , Kottayam